# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 1 | ലക്കം 11 | നവംബർ 1-30 | പേജ് 8

## അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്തായെ അങ്കമാലി വെസ്റ്റ് ഭദ്രാസന സഹായമെത്രാൻ സ്ഥാനത്തു നിന്നും നീക്കിയതെന്തിന്?

**ജോർജ് തോമസ്, ആലുവാ**

മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ അങ്കമാലി ഭദ്രാസനഭരണം നടത്തുന്ന പരിശുദ്ധ കാതോലിക്കാബാവാ, തന്റെ സഹായമെത്രാൻ സ്ഥാനത്തേക്ക് തൃശൂർ ഭദ്രാസനാധിപനായ ഡോ. യൂഹാനോൻ മാർ മിലിത്തോസ് തിരുമേനിയെ 2006 ജനുവരി 21-ാം തീയതി നിയമിച്ച് കല്പന പുറപ്പെടുവിച്ചു. അഭിവന്ദ്യ തിരുമേനി ചുമതലയേൽക്കുമ്പോൾ അങ്കമാലി വെസ്റ്റ് ഭദ്രാസനം അങ്കമാലി “വെയ്സ്റ്റ്” ഭദ്രാസനം ആയിരുന്നത് ഏതാനും മാസങ്ങളിലെ പ്രവർത്തന ഫലമായി അങ്കമാലി “ബെസ്റ്റ്” ഭദ്രാസനം എന്ന നിലയിലേക്ക് ഉയർന്നുവന്നു.

ഭാഗ്യസ്മരണാർഹനായ കാലം ചെയ്ത മാർ തെയോഫിലോസ് തിരുമേനിയുടെ വിൽപ്പത്രപ്രകാരം, പിൻഗാമിയായ മാർ പക്കോമിയോസ് തിരുമേനിയ്ക്ക് അങ്കമാലി ഭദ്രാസനാധിപൻ എന്ന നിലയിൽ ഭദ്രാസനത്തിനു ലഭിച്ച മുക്കാൽകോടിയോളം രൂപാ (10 വർഷത്തെ പലിശയുൾപ്പെടെ ഇപ്പോൾ ഒന്നരക്കോടി രൂപാ), 2 വർഷം മുമ്പ് ഭദ്രാസന ഭരണച്ചുമതല വിട്ടിട്ടും മലങ്കരമെത്രാപ്പോലീത്തായെ ഏൽപ്പിക്കാതെ ഇപ്പോഴും കൈവശം വച്ചുകൊണ്ടിരിക്കുകയും, ഭദ്രാസനത്തിന്റെ മറ്റു വരുമാനങ്ങളായ വാടകയുൾപ്പെടെയുള്ള വൻതുകകൾ 2005 ജൂൺ 26-ാം തീയതി തൃക്കുന്നത്തു സെമിനാരി മാനേജർ സ്ഥാനത്തു നിന്നും നീക്കം ചെയ്യപ്പെട്ട മണ്ണാറപ്രായിലച്ചന്റെ അധീനതയിലാവുകയും ചെയ്തതിനു ശേഷം സാമ്പത്തികമായി വളരെയധികം പ്രയാസപ്പെടുന്ന ഘട്ടത്തിലാണ് അഭിവന്ദ്യ മിലിത്തോസ് തിരുമേനി ഭദ്രാസന സഹായ മെത്രാനായി ചുമതലയേൽക്കുന്നത്. പല പള്ളികളിൽ നിന്നും വൈദികശമ്പള പദ്ധതിയിലേക്ക് ഭദ്രാസന വിഹിതം അടയ്ക്കുന്നുണ്ടായിരുന്നില്ല. വിഘടിതരുടെ പ്രാർത്ഥനായജ്ഞങ്ങളും കയ്യേറ്റശ്രമങ്ങളും തുടരെ തുടരെ ഉണ്ടായി ക്കൊണ്ടിരുന്നു. ഇതിനെയെല്ലാം ദൈവാശ്ര യബോധത്തോടെ തരണംചെയ്തു മുന്നേ റുമ്പോഴാണ് 2006 നവംബർ 21-ാം തീയതി പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അങ്കമാലി വെസ്റ്റ് സഹായ മെത്രാൻ സ്ഥാനത്തു നിന്നും അദ്ദേഹത്തെ നീക്കാൻ തീരുമാനിച്ചത്. അന്നുതന്നെ രാത്രി വൈകി അഭിവന്ദ്യ തിരുമേനി ദേവലോകം അരമനയിലെത്തി പ. കാതോലിക്കാബാവായെ രാജിക്കത്ത് ഏല്പിക്കുകയും ചെയ്തു.

അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തോസ് തിരുമേനിയുടെ മേൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾ എന്തെല്ലാമാണ്? ഒന്നാമതായി കമ്മ്യൂണിസ്റ്റുകാരുമായി സഹകരിക്കുന്നു. എന്താണ് വസ്തുത? ആലുവാ എം. എൽ. എ. ശ്രീ. എ. എം. യൂസഫിന് സെമിനാരി വക കെട്ടിടത്തിൽ “എം. എൽ. എ. ഓഫീസ്” തുറക്കുവാൻ കെട്ടിടത്തിന് വാടക നിശ്ചയിച്ച് ഉടമസ്ഥാവകാശം ഓർത്തഡോക്സ് സഭയ്ക്കായി രേഖപ്പെടുത്തിയ വാടകച്ചീട്ടു വാങ്ങി വാടകയ്ക്കു നൽകി. സെമിനാരിയിലും ഭദ്രാസനത്തിലും നടന്ന പൊതുപരിപാടികളിൽ സ്ഥലം എം. പി. യേയും എം. എൽ. എ. യേയും, മുൻസിപ്പൽ ചെയർപേഴ്സണേയും ക്ഷണിക്കുന്നു. ഇവരെല്ലാം കമ്മ്യൂണിസ്റ്റുകാരായി പോയത് ആരുടെ കുറ്റമാണ് (മലങ്കരസഭയുടെ ഔദ്യോഗിക രാഷ്ട്രീയപാർട്ടി കോൺഗ്രസാണോ?)

രണ്ടാമതായി, മാർ പക്കോമിയോസ് തിരുമേനിയും, മണ്ണാറപ്രായിലച്ചനും ചുമതല മാറിയപ്പോൾ ആരെയും ഏൽപ്പിക്കാതെ കിടന്നിരുന്ന സ്വർണ്ണത്തിലുള്ള സ്ലീബായും മറ്റും സ്റ്റോക്ക് രജിസ്ട്രറിൽ ലിസ്റ്റ് ചെയ്തു ബാങ്ക് ലോക്കറിൽ വച്ചതാണ് മറ്റൊരു തെറ്റ്.

എന്നാൽ ഭദ്രാസനത്തെ ബെസ്റ്റാക്കി മാറ്റാൻ തിരുമേനി ചെയ്തത് എന്തെല്ലാം?

1. ഭദ്രാസന പൊതുയോഗവും, കൗൺസിലും സമയാസമയങ്ങളിൽ വിളിച്ചുകൂട്ടി ഓഡിറ്റു ചെയ്ത് കണക്കുകളും ബജറ്റും പാസാക്കി.

2. പള്ളി കൈക്കാരൻമാരുടെയും വികാരിമാരുടെയും യോഗം വിളിച്ച് ഇടവകകളും ഭദ്രാസനവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും വൈദികശമ്പളം സംബന്ധിച്ച് തീരുമാനം എടുക്കുകയും ചെയ്തു.

3. വൈദികശമ്പളം പരിഷ്കരിച്ചു മറ്റു ഭദ്രാസനങ്ങളിലെ വൈദികർക്ക് ലഭിക്കുന്ന ശമ്പളക്രമ താരിഫനുസരിച്ച് ക്രമപ്പെടുത്തിയും, നൽകാനുള്ള കുടിശിക മുഴുവനും കൊടുക്കുകയും ചെയ്തു.

4. ഭദ്രാസന വിഹിതം മാസങ്ങളായി അടയ്ക്കാതിരുന്ന പള്ളികളിലെ ചുമതലക്കാരെ നേരിട്ടുവിളിച്ച് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി കുടിശിക തീർത്തു.

5. പെരുമ്പാവൂർ വൈ. എം. സി. എ. ഹാളിൽ നടത്തിയിരുന്ന മദ്ധ്യകേരള ഓർത്തഡോക്സ് കൺവെൻഷൻ പെരുമ്പാവൂർ മുൻസിപ്പൽ സ്റ്റേഡിയത്തിൽ പരസ്യമായി നടത്തുകയും, ആദ്ധ്യാത്മിക കലാമത്സരങ്ങൾ നടത്തുകയും പ. കാതോലിക്കാബാവായ്ക്ക് സ്വീകരണം നൽകുകയും ചെയ്തു. മലങ്കര വർഗീസിന്റെ മരണശേഷം പര സ്യമായി യോഗംചേരാൻ മടിച്ചിരുന്ന ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് സംഘടിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്തു.

6. കുന്നക്കുരുടി ഇടവകയിലെ ഒരു പൊതുയോഗം, പരിശുദ്ധ ബാവാ, നിയുക്ത കാതോലിക്കായായിരുന്നപ്പോൾ കല്പന മൂലം നിരോധിക്കുകയും, ആയതിന് ഭരണഘട

*(ശേഷം 4-ാം പേജിൽ)*

## പ്രതിഫലം കോതമംഗലം സെന്റർ!

**അൽമായവേദി ന്യൂസ് സർവ്വീസ്**

അങ്കമാലി: കഴിഞ്ഞ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മീറ്റിംഗിൽ അങ്കമാലി വിഷയത്തെപ്പറ്റി വിദ്യാർത്ഥിപ്രസ്ഥാനം കോക്കസ് നടത്തിയ പ്രകടനങ്ങൾ കോതമംഗലം ഓർത്തഡോക്സ് സെന്റർ ലക്ഷ്യം വച്ചാണെന്നു സൂചന.

കാലം ചെയ്ത ഡോ. ഫിലിപ്പോസ് മാർ തേയോഫിലോസ് മുൻകൈയെടുത്ത് പണിയിച്ചതും അങ്കമാലി ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ളതായ കോതമംഗലം ഓർത്തഡോക്സ് സെന്റർ പിടിച്ചെടുക്കാൻ ഒരു വർഷം മുമ്പ് വിദ്യാർത്ഥിപ്രസ്ഥാനം ഒരു ശ്രമം നടത്തിയിരുന്നു. പ്രസ്ഥാനം പ്രസിഡന്റിന്റെ കല്പനയുമായി ഒരു വൈദികന്റെ നേതൃത്വത്തിലെത്തിയ ഏതാനും വിദ്യാർത്ഥിപ്രസ്ഥാനം ജീവനക്കാർ സെന്റർ കൈയേറുകയും മലങ്കര മെത്രാപ്പോലീത്താ നിയമിച്ച മാനേജരോട് ഉടൻ സ്ഥലംവിടാൻ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ മലങ്കര മെത്രാപ്പോലീത്തായുടെ *അനധികൃതകയ്യേറ്റം* തടയാൻ പോലീസ് സഹായവും അഭ്യർത്ഥിച്ചിരുന്നു.

അങ്കമാലി ഭദ്രാസനങ്ങളുടെ സമയോചിത ഇടപെടലും പ. ബാവായുടെ കർക്കശ നിലപാടും മൂലം അന്നു വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ പിടിച്ചടക്കൽ നടന്നില്ല. തുടർന്ന് സഭാതലത്തിൽ വിദഗ്ദനിയമോപദേശം തേടുകയും ടി. സെന്ററിന്റെ ഉടമസ്ഥാവകാശം അങ്കമാലി ഭദ്രാസനത്തിനാണെന്നു തീരുമാനിക്കുകയും ചെയ്തിരുന്നു.

അങ്കമാലി ഭദ്രാസനത്തിൽ തങ്ങൾ ഉദ്ദേശിക്കുന്നവിധം കാര്യം നടത്തിതന്നാൽ സെന്റർ വിട്ടുകൊടുക്കാമെന്ന് മ - കു - മ മുന്നണി നൽകിയ ഉറപ്പിന്റെ പുറത്താണ് വിദ്യാർത്ഥി പ്രസ്ഥാനം കോക്കസ് സുന്നഹദോസിൽ ചരടുവലിച്ചതെന്ന് പറയപ്പെടുന്നു.

### ഏറ്റെടുക്കില്ല: ശ്രേഷ്ഠ നിയുക്ത കാതോലിക്കാ

കോട്ടയം: സുന്നഹദോസ് ആവശ്യപ്പെട്ടതനുസരിച്ച് അങ്കമാലിയുടെ ഭരണം ഏറ്റെടുക്കാൻ തനിക്ക് താൽപര്യമില്ലെന്ന് ശ്രേഷ്ഠ നിയുക്ത ബാവാ വ്യക്തമാക്കി. സുന്നഹദോസ് യോഗത്തിൽ തന്നെ ഇക്കാര്യം അദ്ദേഹം ആവർത്തിച്ചു വ്യക്തമാക്കിയിരുന്നു.

## അൽമായ – വൈദിക ട്രസ്റ്റി തെരഞ്ഞെടുപ്പുകൾ: പ. ബാവാ തികഞ്ഞ നിഷ്പക്ഷത പാലിക്കും

ദേവലോകം: മാർച്ചു മാസത്തിൽ നടക്കുന്ന അൽമായ - വൈദിക ട്രസ്റ്റി തെരഞ്ഞെടുപ്പിൽ പ. ബാവാ തികഞ്ഞ നിഷ്പക്ഷത പാലിക്കുമെന്ന് ബാവായുടെ സെക്രട്ടറിയേറ്റ് വ്യക്തമാക്കി. പ. ബാവാതിരുമേനിയുടെ പിന്തുണയുണ്ടെന്ന് അവകാശപ്പെട്ട് ചില സ്ഥാനാർത്ഥികൾ സജീവമായി പ്രചരണം നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് പ. ബാവായുടെ സെക്രട്ടറിയേറ്റ് ഈ വിശദീകരണം നൽകിയത്. തികച്ചും ജനാധിപത്യപരമായ ഒരു തെരഞ്ഞെടുപ്പിൽ ആർക്ക് വോട്ട് ചെയ്യണമെന്നത് പ്രതിപുരുഷന്മാരുടെ സ്വാതന്ത്ര്യമാണെന്നും, ഇതിൽ യാതൊരുവിധ ഇടപെടലും നേരിട്ടോ അല്ലാതെയോ പ. ബാവായുടെ ഭാഗത്തുനിന്നും ഉണ്ടാവില്ലെന്നും, നിയമപരമായി അസ്സോസിയേഷൻ തെരഞ്ഞെടുക്കുന്ന ഏത് സഭാംഗവും പ. ബാവായ്ക്ക് സ്വീകാര്യനായിരിക്കുമെന്നും സെക്രട്ടറിയേറ്റ് വിശദീകരിച്ചു.

## വൈദികട്രസ്റ്റി സ്ഥാനത്തേക്ക് ഫാ. ഡോ. ഒ. തോമസ് വീണ്ടും മത്സരിക്കുന്നു ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടും മത്സരരംഗത്ത്

കോട്ടയം: വൈദികട്രസ്റ്റി സ്ഥാനത്തേക്ക് ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടും ഫാ. ഡോ. ഒ. തോമസും തമ്മിൽ ശക്തമായ മത്സരമുണ്ടാകുമെന്ന് ഏതാണ്ട് ഉറപ്പായിക്കഴിഞ്ഞു. രണ്ടു സ്ഥാനാർത്ഥികൾക്കും വേണ്ടി പ്രചരണം സജീവമായി നടക്കുന്നുണ്ട്.

കഴിഞ്ഞ തവണ (2004-ൽ) ഈ സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പു വന്നപ്പോൾ ഈ രണ്ട് സ്ഥാനാർത്ഥികളും ആദ്യഘട്ടത്തിൽ രംഗത്തുണ്ടായിരുന്നു. സെമിനാരി പശ്ചാത്തലമുള്ള രണ്ടുപേർ തമ്മിലുള്ള മത്സരം ഒഴിവാക്കാൻ താല്പര്യപ്പെട്ട ചില മെത്രാപ്പോലീത്താമാരും ഉന്നതസ്ഥാനീയരായ വൈദികരും ഇത്തവണ ഒ. തോമസച്ചനും അടുത്ത തവണ കോനാട്ടച്ചനും എന്ന ഒരു ധാരണ ഉണ്ടാക്കിയതായി അറിയുന്നു. ആ ധാരണയനുസരിച്ച് കഴിഞ്ഞ തവണ ഫാ. കോനാട്ട് പിന്മാറിയിരുന്നു. ആ ധാരണയ്ക്ക് വിരുദ്ധമായിട്ടാണ് ഇത്തവണ ഒ. തോമസച്ചൻ മത്സരരംഗത്തുള്ളതെന്ന് അന്നത്തെ ധാരണയ്ക്ക് ശ്രമിച്ച പലരും പറയുന്നു. അപ്രകാരം ഒരു ധാരണയുണ്ടായിരുന്നെങ്കിൽ ഫാ. ഡോ. ഒ. തോമസ് ഇപ്പോൾ വാക്കു പാലിക്കാതിരിക്കുന്നത് അധാർമ്മികമല്ലേ എന്ന ചോദ്യവും ചിലർ ഉയർത്തുന്നുണ്ട്.

## അൽമായ - വൈദിക ട്രസ്റ്റി സ്ഥാനങ്ങളിലേക്ക് പലരും രംഗത്ത്

അൽമായ - വൈദികട്രസ്റ്റി സ്ഥാനങ്ങളിലേക്ക് പലരും സജീവമായി രംഗത്തുവന്നുകഴിഞ്ഞു. വർക്കിംഗ് കമ്മറ്റി മെമ്പർ മുത്തൂറ്റ് എം. ജി. ജോർജ്, മുത്തൂറ്റ് കുടുംബാംഗം തന്നെയായ റോയി, ഡൽഹി ഭദ്രാസനത്തിൽനിന്നുള്ള മാനേജിംഗ് കമ്മറ്റി മെമ്പർ ഡോ. ജോർജ് വർഗീസ്, എം. ജി. യൂണിവേഴ്സിറ്റിയിലെ ഗാന്ധിയൻ സ്റ്റഡീസ് വിഭാഗം തലവനായ ഡോ. എം. പി. മത്തായി മുതലായ പേരുകൾ സജീവമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്.

അൽമായ ട്രസ്റ്റി സ്ഥാനത്തേക്ക് പ്രൊഫഷനൽ പശ്ചാത്തലമുള്ളവരും വിവിധ മേഖലകളിലുള്ള ആളുകളുമായി ഇടപഴകിയിട്ടുള്ളവരുമായവരെ പരിഗണിക്കണമെന്ന ചിന്ത ഉയർന്നുവന്നിട്ടുണ്ട്. ധനികന്മാരായിട്ടുള്ളവരെ മാത്രം ഈ പദവിയിലേക്ക് പരിഗണിക്കുന്ന പതിവ് “അറിവിന്റെ യുഗം” എന്നു വിശേഷിപ്പിക്കുന്ന ഈ കാലഘട്ടത്തിന് യോജിക്കുന്നതല്ല എന്ന ചിന്ത ശക്തി പ്രാപിക്കുന്നുണ്ട്. സഭയെ പ്രതിനിധീകരിച്ച് വിവിധ ഉന്നതല ചർച്ചകൾ നടത്തുമ്പോൾ ആ വേദികളിൽ അർത്ഥപൂർണ്ണമായ സാന്നിദ്ധ്യമാകുവാൻ കഴിവുള്ള വ്യക്തിയാകണം ഈ സ്ഥാനത്തേക്ക് വരേണ്ടത്. ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന സഭയിൽ ഒരു ആഗോള ദർശനം ഉണ്ടാകുവാൻ ഇത്തരം

*(ശേഷം 2-ാം പേജിൽ)*

## അസോസിയേഷൻ മാർച്ച് 21 ന് രണ്ടു ട്രസ്റ്റിമാരേയും തെരഞ്ഞെടുക്കും

കോട്ടയം: പുതിയ അസോസിയേഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചു. മാർച്ച് 21 നു പരുമലയിലാണ് പുതിയ അസോസിയേഷൻ ചേരുന്നത്.

സുപ്രീംകോടതി വിധിപ്രകാരം 2007 മാർച്ച് 20 ന് അസോസിയേഷന്റെ കാലാവധി അവസാനിക്കുന്നതിനാലാണ് പുതിയ അസോസിയേഷൻ വിളിച്ചു ചേർക്കുന്നത്.

വൈദികട്രസ്റ്റി ഫാ. ഡോ. ഒ. തോമസ്, അൽമായട്രസ്റ്റി പി. സി. ഏബ്രഹാം എന്നിവർക്കു പകരം പുതിയ കൂട്ടുട്രസ്റ്റിമാരെ തെരഞ്ഞെടുക്കാനും മാനേജിംഗ് കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്. മാനേജിംഗ് കമ്മറ്റിയുടെ ശുപാർശപ്രകാരം അസോസിയേഷൻ പ്രസിഡന്റായ പ. കാതോലിക്കാബാവാ നോട്ടീസ് കല്പന പുറപ്പെടുവിക്കും.

നേരത്തെ രണ്ടു ട്രസ്റ്റിമാരെയും തിരഞ്ഞെടുക്കാൻ വർക്കിംഗ് കമ്മറ്റി ശുപാർശ ചെയ്തിരുന്നു. ചൂടുപിടിച്ച ചർച്ചകൾക്കൊടുവിലാണ് കൂട്ടുട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പിന് വർക്കിംഗ് കമ്മറ്റി ശുപാർശ ചെയ്തത്. ഫാ. ഡോ. ഒ. തോമസിന്റെ സ്ഥാനം നിലവിലുള്ള അസോസിയേഷന്റെ കാലാവധി വരെ മാത്രമാണെന്നു വ്യക്തമാക്കിയിരുന്നു.

എന്നാൽ 1980-ൽ സ്ഥാനത്തെത്തിയ പി. സി. ഏബ്രഹാം തുടരുകയും മൂന്നു വർഷം മാത്രമായ വൈദികട്രസ്റ്റി പുറത്താവുകയും ചെയ്യുന്നത് അനീതിയാണെന്നു വർക്കിംഗ് കമ്മറ്റി അംഗങ്ങൾ ചൂണ്ടിക്കാട്ടി. തുടർന്നു നടന്ന ചർച്ചകൾക്കൊടുവിലാണ് രണ്ടു ട്രസ്റ്റിമാരേയും പുതുതായി തെരഞ്ഞെടുക്കാൻ തീരുമാനിച്ചത്.

ട്രസ്റ്റിമാരുടെ കാലാവധി അസോസിയേഷന്റെ കാലാവധിയ്ക്ക് ഒപ്പമാക്കിക്കൊണ്ടുള്ള ഭരണഘടനാ ഭേദഗതി മാനേജിംഗ് കമ്മിറ്റിയിൽ പാസായതോടു കൂടി ഈ വിഷയത്തിലെ അവ്യക്തത ഒഴിവായി. ❑

# RENOVATION OF ST. GREGORIOS CATHEDRAL

**K. M. PETER, MATTACKAL, BANGALORE**

The Orthodox Syrian Christians have completed 62 years celibrating Holy Qurbana in Bangalore. St. Gregorios Orthodox Cathedral which was built in 1972 is the mother Church for other nine churches and one Chapel in Bangalore City.

The renovation of the Cathedral had become a necessity to accommodate the new increased members. Apart from that, since the Cathedral is the almamater of other Churches in Bangalore, the social necessities prompted the church authorities to go for a renovation of the old church building. The two side alters have been renovated and on either side of the cathedral by constructing enclosed grilled verandas with sloping roof have given more space for the believers to witness the Holy Qurbana.

With a total expenditure of about 27 lakhs of rupees the Cathedral has got a face-lift for another few years. However to build a modern Jerusalem Devalayam befilling to the importance of the fast expanding Bangalore cities is very much in the minds of the Cathedral members.

The rededication of the renovated church and the consecration of the two side alters were done on 21st October by the Diocesan metropolitan H. G. Dr. Yakob Mar Irenaios. For the Trimas, Thirumeni was assisted by V. Rev. Philipose Rambachen and V. Rev. Yuhanon Rambachen. Another ten Achens including the two cor-episcopas of Bangalore were also present in the ìMadhubha.î

After the Holy Trimas, in his characteristic style with professional profundity Thirumeni gave a short speech praising and appreciating the vicar of the Cathedral Fr. T. K. Thomas, the trustee, The managing committee Members and other Church members.

The whole celebrations come to an end with a high breakfast to all.

# എന്തു പുളിപ്പായാലും മൂന്നു കൊല്ലം

**ഡി. യോഹന്നാൻ, പാലക്കാട്**

പുതുതായി ഇടവകയിൽ നിയമിതനായ വികാരിയെ സംബന്ധിച്ച് ഇടവകക്കാർക്കും; ഇടവകക്കാരെ സംബന്ധിച്ച് വികാരിക്കും ഉള്ള ഒരേ ഒരു അഭിപ്രായമാണ് മേലുദ്ധരിച്ചത്. ഇരുകൂട്ടർക്കും ഇത്തരമൊരു അഭിപ്രായം സംജാതമാക്കുന്നത് എന്തുകൊണ്ട്? ഇതിന് ഉപോദ്ബലകമായ ഒരു സംഭവം സൂചിപ്പിക്കുന്നു.

ഇടവക പ്രതിനിധികളും വികാരിയും സംബന്ധിക്കേണ്ടതായ ഒരു മീറ്റിംഗിൽ ഇരുകൂട്ടരും പ്രത്യേകം പ്രത്യേകം വാഹനത്തിൽ സംഭവസ്ഥലത്ത് എത്തിച്ചേർന്നത് കാണുവാനിടയായി. കാരണം തിരക്കിയപ്പോൾ അറിയാൻ കഴിഞ്ഞത് വികാരിയുടെ വാഹനത്തിൽ ഇടവകക്കാർ കയറുന്നത് അദ്ദേഹത്തിനിഷ്ടമല്ല. ഇടവകക്കാർ കയറാതിരിക്കുന്നതിനുവേണ്ടി അദ്ദേഹം പല കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറുക പതിവാണ്. അതുകൊണ്ടാണ് ഞങ്ങൾ രണ്ടു വാഹനത്തിൽ വരുവാനിടയായത് എന്ന് ഇടവക പ്രതിനിധികൾ പറഞ്ഞു. വികാരിയും ഇടവക പ്രതിനിധികളും ഒന്നിച്ചുവന്ന വാഹനത്തിൽ വികാരിക്ക് അർഹമായ സ്ഥാനം വാഹനത്തിൽ നൽകാതിരുന്ന മറ്റൊരു കാഴ്ചയും അവിടെ കാണുവാൻ കഴിഞ്ഞു. ഇതിന്റെ പിന്നിലെ രഹസ്യം വെളിപ്പെടുത്തുവാൻ പ്രയാസമാണെങ്കിലും വെളിപ്പെടുത്താതിരിക്കുവാൻ സാധിക്കുകയില്ലല്ലോ. ഈ വാഹനം ഇടവക പ്രതിനിധികളിൽ ഒരാളുടേതാണ്. അതായത് മീറ്റിംഗിൽ സംബന്ധിക്കുന്നതിനുള്ള ചെലവ് ഇടവകഫണ്ടിൽ നിന്നല്ല എന്നു സാരം.

പരസ്പര ബഹുമാനമില്ലാത്ത ഇത്തരം പ്രവണത രണ്ടുകൂട്ടരിലും സംജാതമാകുവാൻ കാരണം മറ്റൊന്നുമല്ല. വികാരിയും ഇടവകജനങ്ങളും തമ്മിൽ ആചാരത്തിനുവേണ്ടിയുള്ള ബന്ധവും സഹകരണവും മാത്രം. ഇരുകൂട്ടർക്കും അവരവരുടെ ഭാഗം ജയിക്കുന്നതിനു വേണ്ടി ഓരോരോ ന്യായവാദങ്ങൾ ഉന്നയിക്കുന്നതും സ്വാഭാവികം. ആഗ്രഹിച്ച ഇടവക ലഭിക്കാതിരുന്നതിലുള്ള അമർഷം അഥവാ വരുമാനം കൂടിയ ഇടവകയിൽ നിന്നും വരുമാനം കുറഞ്ഞ ഇടവകയിലേക്കുള്ള മാറ്റം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അതൃപ്തിക്കു കാരണമാകുന്നു.

വികാരി തന്റെ ഉത്തരവാദിത്വത്തിൽ വിമുഖത പ്രകടിപ്പിക്കുമ്പോൾ ഇടവക ജനങ്ങൾ, ഇദ്ദേഹത്തെക്കാളും നല്ലത് മുൻവികാരിയാണെന്നുള്ള നിഗമനത്തിൽ എത്തിച്ചേരുന്നു. മുൻവികാരിയുടെ കുറ്റങ്ങളും കുറവുകളും ഇതോടെ ഇല്ലാതാകുകയോ അഥവാ ലാഘവമാകുകയോ ചെയ്യുന്നു. അതിനു പുറമേ അവരുടെ ആവശ്യങ്ങൾ (മാമോദീസാ, വിവാഹം) മുൻ വികാരിയെകൊണ്ട് നടത്തിക്കുവാൻ പ്രേരിതമാകുന്നു. ഇത് വികാരിക്ക് ഇടവക ജനങ്ങളിൽ നിന്നും ഏൽക്കുന്ന കനത്ത പ്രഹരമാണ് എന്നുള്ളതിന് യാതൊരു സംശയവും വേണ്ട.

പട്ടക്കാർക്കും മറ്റുള്ളവരെപ്പോലെ സുഖസൗകര്യങ്ങൾ ആവശ്യമല്ലേ! ഇപ്പോഴുള്ള പട്ടക്കാർ ആർഭാട ജീവിതമാണ് നയിക്കുന്നതെന്ന് മറ്റുള്ളവർക്കു തോന്നുന്നു. അത് "കാലത്തിന്റെ" മാറ്റമാണെന്നു വിചാരിക്കാതെ അതിനെതിരെ ശബ്ദമുയർത്തുന്നവരും ചുരുക്കമല്ല. കഴിഞ്ഞകാല പട്ടക്കാർ വളരെ ലളിതജീവിതം നയിച്ചവരല്ലേ! അവരുടെ പിൻതലമുറക്കാർ എന്തിന് ഈ "ഗമ" കാണിക്കുന്നു. പട്ടത്വത്തിന്റെ മറവിലുള്ള ഈ ഗമ ഇടവക ജനങ്ങളിൽ മറ്റൊരു ചിന്തയ്ക്ക് വഴിഒരുക്കുന്നു. "നിങ്ങളെക്കാളും പദവിയും പത്രാസുമുള്ള പട്ടക്കാരെ കണ്ടിട്ടുള്ളവരാണ് ഞങ്ങൾ. പിന്നെ എന്തിനാണ് ഞങ്ങളോട് ഈ ഗമ കാണിക്കുന്നത്." എല്ലാ ഇടവക ജനങ്ങളിലുമുള്ള പ്രതികരണമാണിത്.

ഇടവകജനങ്ങളെ രണ്ടു രീതിയിൽ കാണുക അഥവാ രണ്ടു ചേരിയിലാക്കുക എന്നത് പുത്തൻ തലമുറയിലെ പട്ടക്കാരുടെ ഒരു സ്വഭാവവിശേഷമാണ്. ഇടവകയുടെ ഏതെങ്കിലും ഒരാവശ്യത്തിന് പട്ടക്കാരെ ക്ഷണിക്കുന്നു എന്നിരിക്കട്ടെ. അതിന് പ്രതിഫലമായി ഇടവകക്കാർ കൊടുക്കുന്ന രൂപാ വാങ്ങുക എന്നത് അവരുടെ നിഘണ്ടുവിൽ ഇല്ല. ഒരോന്നിനും ഓരോ നിശ്ചിത തുക ഉണ്ട്. അത് മേൽഘടകം മുതൽ കീഴ്ഘടകം വരെ. ഇടവക ചെറുതായാലും വലുതായാലും അവർക്ക് പ്രശ്നമല്ല. അല്ലെങ്കിൽ ഞങ്ങളെ ക്ഷണിക്കേണ്ട എന്ന നിലപാടാണ് അവർ സ്വീകരിക്കുന്നത്. അതു കൊടുക്കുവാൻ വികാരി ഇടവകക്കാരെ നിർബന്ധിക്കുകയും ചെയ്യുന്നു. അതിന്റെ പിന്നിലെ രഹസ്യം മറ്റൊന്നാണ് അത് ഇവിടെ സൂചിപ്പിക്കുവാൻ നിർവാഹമില്ല.

ഇടവകക്കാർക്ക് വികാരിയോടുള്ള മതിപ്പ് ഇല്ലാതാകുവാൻ മറ്റൊരു കാരണം, ഇടവക ഭരണത്തിനു പുറമേ മറ്റു ജോലികളിൽ ഏർപ്പെടുന്ന പട്ടക്കാരെ സംബന്ധിച്ചാണ്. അതിന്റെ ഫലമോ കൃത്യവിലോപം. ഇടവകയിൽ നടക്കേണ്ടുന്നതായ കർമ്മാനുഷ്ഠാനങ്ങൾ നടക്കേണ്ട ദിവസങ്ങളിലും സമയങ്ങളിലും നടത്താതെ വികാരിയുടെ സൗകര്യാർത്ഥം മറ്റൊരു ദിവസത്തിലേക്കു മാറ്റപ്പെടുന്നു. തൻമൂലം വിശ്വാസികൾക്ക് അതിനോടുള്ള പ്രതിപത്തി കുറഞ്ഞുവരുന്നു. ആയതിനാൽ മറ്റു ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടക്കാരെ കഴിവതും ഇടവക ഭരണത്തിൽ നിന്നും മാറ്റിനിർത്തേണ്ടത് കാലത്തിന്റെ ഒരാവശ്യമാണ്.

എത്ര ആത്മാർത്ഥതയോടെ ഇടവക സേവനം അനുഷ്ഠിച്ചാലും മൂന്നു കൊല്ലം കഴിയുമ്പോൾ അവിടെനിന്നും മാറ്റപ്പെടും എന്ന ചിന്ത പട്ടക്കാരിൽ ഉളവാകുന്നത് സ്വഭാവികം. വിശേഷിച്ച് ഇടവകക്കാരുമായി രമ്യതയിലല്ലാത്ത പട്ടക്കാരാണെങ്കിൽ അത് പറയാനുമില്ല. അപ്പോൾ *എന്തു പുളിപ്പായാലും മൂന്നു കൊല്ലം മതി* എന്ന ചിന്ത അവരിൽ വന്നു ചേരുന്നു. ഈ ചിന്തയുടെ പരിണിതഫലം വികാരി ഇടവകയുടെ അഭിവൃദ്ധിയിൽ ശുഷ്കാന്തി കാണിക്കാതാകുന്നു.

അതോടൊപ്പം ആത്മീയ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നു. സാചര്യത്തിനൊത്ത് സഹകരിക്കുവാൻ ഇരുകൂട്ടരും തയ്യാറാകുകയല്ലാതെ ഇതിനു മറ്റു പോംവഴികൾ ഒന്നും തന്നെ ഇല്ല. ഇടവകക്കാർ പരാതി അധികാര സ്ഥാനങ്ങളിൽ ബോധിപ്പിക്കാതിരിക്കട്ടെ!! പട്ടക്കാർക്ക് ട്രേഡ് യൂണിയൻ സംഘടനകൾ ഉണ്ടാകാതിരിക്കട്ടെ!!

❑

# യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്തായുടെ ക്രൂരകൃത്യങ്ങൾ

**സവ്യസാചി**

ഈയിടെ വെട്ടിനിരത്തലിന് വിധേയനായ മാർ മിലിത്തോസ് മെത്രാപ്പോലീത്തായുടെ ക്രൂരകൃത്യങ്ങൾ മാലോകരുടെ അറിവിനായി എഴുതുന്നു. കാണ്മാൻ കണ്ണുള്ളവർ കാണുകയും കേൾപ്പാൻ ചെവിയുള്ളവർ കേൾക്കയും ചെയ്യട്ടെ.

കാര്യങ്ങൾക്കൊക്കെ ചില അടുക്കും ചിട്ടയും ഉണ്ടാക്കുവാൻ ശ്രമിച്ചു എന്നതാണ് ആദ്യത്തെ ക്രൂരകൃത്യം. ഇടവക ജനങ്ങളുടെ പ്രതിനിധികളായ കൈക്കാരന്മാരും ഭദ്രാസനവുമായി സഹകരണമുണ്ടാക്കുക, ഭദ്രാസന പൊതുയോഗവും ബഡ്ജറ്റും കണക്കുമൊക്കെ കൃത്യമായി കൈകാര്യം ചെയ്യുക, വൈദിക ശമ്പള പരിഷ്കാരം നടപ്പിൽ വരുത്തുകയും കുടിശിഖ കൊടുക്കുകയും ചെയ്യുക, കോടനാട് ആശ്രമം തുടങ്ങിയ സ്ഥലങ്ങളിലെ ഭരണക്രമം ചിട്ടപ്പെടുത്തുക എന്നിങ്ങനെ പറഞ്ഞാൽ തീരാത്ത അനേകം ചെറിയ ക്രൂരകൃത്യങ്ങളുടെ ആ കെത്തുകയാണ് അടുക്കും ചിട്ടയും ഉണ്ടാക്കുക എന്ന വലിയ ക്രൂരകൃത്യം. വിവരമു ള്ള ആരെങ്കിലും ഇതൊക്കെ ചെയ്യുമോ? സംഗതികളെല്ലാം ഇങ്ങനെ ചക്ക കുഴഞ്ഞു കിടക്കുന്നതുപോലെ കുഴഞ്ഞു കിടക്കുക എന്നതാണ് അങ്കമാലി ഭദ്രാസനത്തിലെ ഒരു രീതി. മശിഹാതമ്പുരാൻ ഇറങ്ങിവന്ന് ഇതെ ല്ലാം നേരെയാക്കാൻ നോക്കിയാലും അവിടുത്തെ കയ്യാഫാസുമാരും അന്നാസുമാരുമടങ്ങുന്ന കോറി സംഘം സമ്മതിക്കില്ല. പണ്ട് മശിഹാതമ്പുരാൻ യറുശലേം ദേവാലയം ശുദ്ധീകരിക്കാൻ ചാട്ടവാറെടുത്തിട്ടെന്തുണ്ടായി? അടുത്ത ശാബത്തിനു മുമ്പേ വിവരമറിഞ്ഞു. അതുകൊണ്ട് അങ്ങിനത്തെ സാഹസങ്ങൾക്കൊന്നും ഇറങ്ങിത്തിരിക്കാതെ കയ്യാഫാസുമാരുടെയും അന്നാസുമാരുടെയുമൊക്കെ പ്രീതി സമ്പാദിച്ചാൽ ഇനിയുള്ള കസേരകളെങ്കിലും നിലനിൽക്കും.

പണ്ട് ഒരാൾ വീട്ടുവേലക്ക് ഒരു പയ്യനെ ഇന്റർവ്യൂ ചെയ്യുമ്പോൾ ശമ്പളമെന്തു വേണമെന്ന് ചോദിച്ചു. ചന്തയ്ക്കു പോക്കുണ്ടെങ്കിൽ ശമ്പളം വേണ്ടെന്ന് ബുദ്ധിമാനായ പയ്യൻ മറുപടി പറഞ്ഞു. അങ്കമാലിയിലെ പ്രമാണിമാരായ പല വൈദികർക്കും ശമ്പളമില്ലെങ്കിലും കുഴപ്പമൊന്നുമില്ല. അവർക്ക് ജീവിക്കാനറിയാം. അവരുടെ പഴയ വരുമാനമാർഗ്ഗങ്ങളെയൊക്കെയടച്ചിട്ട് പത്തോ ആയിരമോ ശമ്പളം കൂട്ടിക്കൊടുക്കുന്നത് അവരെ അവഹേളിക്കുന്നതിനു തുല്യമല്ലേ? അവരെ അവരുടെ വഴിക്കു വിട്ടിരുന്നെങ്കിൽ, അവരു മെത്രാനേയും അങ്ങേരുടെ വഴിക്കു വിട്ടേനെ. സഹവർത്തിത്തം, സഹകരണം എന്നൊക്കെ പറഞ്ഞാൽ ഇതല്ലേ?

പിന്നെ, പെരുമ്പാവൂരിലെ കാതോലിക്കാദിനാഘോഷവും മറ്റും. ആർക്കു വേണം ഇതൊക്കെ? വല്ലതും ഒന്നു പേരിന് തട്ടിക്കൂട്ടി ഒരു നേർച്ച കഴിക്കണം, ഇച്ചിരെ ചക്രോം വെട്ടിക്കണം എന്നല്ലാതെ വലിയ പരിപാടിക്കൊക്കെ പോയിട്ടെന്താ കാര്യം? ചെറുപ്പക്കാരെ സഭാപ്രവർത്തനത്തിൽ കൊണ്ടുവന്നത് – ഇതിലും വലിയ മണ്ടത്തരമുണ്ടോ? പതിനെട്ടടവും പമ്പരം പാച്ചിലും പഠിച്ച ഉസ്താദിനെയൊന്നും മൈന്റു ചെയ്യാതെ കുറെ നരുന്തു പയ്യന്മാരെക്കൊണ്ട് എന്ത് ചെയ്യിക്കാൻ? അഥവാ കൊള്ളാവുന്ന ചെറുപ്പക്കാരുണ്ടെങ്കിൽ അവരെ നല്ല താപ്പാനകളെക്കൊണ്ട് തൊഴിലു പഠിപ്പിച്ചിട്ടു വേണ്ടേ കളത്തിലിറക്കാൻ?

ജനപ്രതിനിധികളാണെങ്കിലും ആളും തരവുമൊക്കെ നോക്കി വേണ്ടേ അടുപ്പിക്കാൻ? എമ്മല്ലെ ആപ്പീസിനും മറ്റും സെമിനാരിക്കെട്ടിടം വാടകക്ക് കൊടുക്കാമോ? പണ്ടത്തെപ്പോലെ പകുതി വാടക കണക്കിലും, പകുതി കണക്കില്ലാതെയുമൊക്കെ പിരിക്കുന്നതല്ലേ അതിന്റെ ഒരു രീതി? സകലത്തിനും കണക്കും കാര്യമൊക്കെയായാൽ വല്ല കാര്യവും നടക്കുമോ? എല്ലാ ചൊവ്വാഴ്ചയും കൈയിലെ കാശുമുടക്കി പെട്രോളും കത്തിച്ച് ആലുവായിൽ വരേണ്ട കാര്യമുണ്ടോ? പ്രോഗ്രാമുകളുമൊക്കെയായിട്ട് മെത്രാച്ചൻ നടന്നോണ്ടാ മതി. ഇവിടുത്തെ കാര്യങ്ങൾ നോക്കാനറിയുന്നവർ ഇവിടെത്തന്നെയുണ്ട്. ഞങ്ങളുടെ കഞ്ഞിയിൽ മണ്ണുവാരിയിട്ടാൽ എന്താ ചെയ്യേണ്ടതെന്ന് ഞങ്ങൾക്കറിയാം. അണ്ണാനെ മരം കേറ്റം പ്രത്യേകിച്ച് പഠിപ്പിക്കേണ്ട.

ഇത്രയും ക്രൂരകൃത്യങ്ങൾ ചെയ്ത മെ ത്രാച്ചന് കൊടുത്ത ശിക്ഷ പോരാ എന്നാണ് സവ്യന്റെ വിനീതമായ അഭിപ്രായം. ബറാബാസിനെ വിട്ടുതരാനും മനുഷ്യപുത്രനെ കുരിശിക്കുവാനും ആരവമുയർത്തിയ കയ്യാഫാസുമാരും അന്നാസുമാരുമൊക്കെയുണ്ടായിട്ടും ഇത്ര ലഘുവായ ശിക്ഷ കിട്ടി മിലിത്തോസു മെത്രാച്ചൻ രക്ഷപ്പെട്ടല്ലോ. ഇനിയേതായാലും അങ്കമാലി ഭദ്രാസനം പഴയ മഹിമയിലേക്ക് തിരിച്ചു വരും. ചന്തക്കു പോക്കുമൊക്കെ അഭംഗുരം നടക്കും. അതൊ ക്കെയില്ലെങ്കിൽ പിന്നെ എന്തോന്ന് ഭദ്രാസനം. "വെളിച്ചം ദുഃഖമാണുണ്ണി, തമസ്സല്ലോ സുഖപ്രദം."

# അൽമായ വൈദിക ട്രസ്റ്റി...

(ഒന്നാം പേജിൽ നിന്നും)

വ്യക്തിത്വങ്ങൾ നേതൃപദവിയിലുണ്ടാകണമെന്ന് പല കേന്ദ്രങ്ങളിലും ചിന്ത ഉയർന്നിട്ടുണ്ട്.

**ജോർജ്ജ് വർഗ്ഗീസ്**

ഡൽഹി ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റി മെമ്പറായി കഴിഞ്ഞ പത്തു വർഷത്തിലേറെയായി പ്രവർത്തിക്കുന്നു. പത്രപ്രവർത്തകനെന്ന നിലയിൽ 31 വർഷത്തിലേറെ പ്രവർത്തന പാരമ്പര്യമുണ്ട്. ഇപ്പോൾ യു. എൻ. ഐ. എന്ന ഇന്ത്യാ ഗവൺമെന്റിന്റെ വാർത്താ ഏജൻസിയിൽ എഡിറ്റർ – ന്യൂസ് കോർഡിനേറ്ററെന്ന തസ്തികയിൽ പ്രവർത്തിക്കുന്നു. അടുത്തുതന്നെ റിട്ടയർ ചെയ്തശേഷം നാട്ടിലേക്കു തിരികെവരുവാൻ ഉദ്ദേശിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മീഡിയാ സ്റ്റഡീസ് & ഇൻഫർമേഷൻ ടെക്നോളജിയുടെയും വേൾഡ് മലയാളി കൗൺ സിലിന്റേയും ചെയർമാൻ, ഡൽഹി വൈ എം. സി. എ.യുടെ ട്രഷറർ, വൈ. എം. സി. എ. യുടെ ദേശീയ കൗൺസിൽ മെമ്പർ, സി. ഡി. ആർ. സി. യുടെ അഡ്വൈസറി ബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ലോകസഭയുടെ പ്രസ്സ് അഡ്വൈസറി കമ്മറ്റിയുടെ സെക്രട്ടറി, ഗവൺമെന്റംഗീകൃത മാധ്യമപ്രവർത്തകരുടെ സംഘടനയായ പ്രസ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ നേരത്തെ അലങ്കരിച്ചിട്ടുണ്ട്. വീക്ഷണം പത്രത്തിന്റെ ആദ്യത്തെ ഡൽഹി ലേഖകനായിരുന്നു. വീക്ഷണം, ദീപിക, മംഗളം എന്നീ പത്രങ്ങളിൽ രാജധാനിയിൽനിന്നും എന്ന പംക്തി കഴിഞ്ഞ 24 വർഷങ്ങളായി കൈകാര്യം ചെയ്തിട്ടുണ്ട്. മലയാളം പത്രം എന്ന ന്യൂയോർക്കിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്ന പ്രസിദ്ധീകരണത്തിൽ *ഡൽഹി* എന്ന പംക്തി കൈകാര്യം ചെയ്യുന്നു. പ്രധാനമന്ത്രിമാരുടെയും പ്രസിഡന്റുമാരുടെയും പല വിദേശ പര്യടനങ്ങളിലും മാധ്യമ പ്രവർത്തകനെന്ന നിലയിൽ അനുയാത്ര ചെയ്തിട്ടുണ്ട്.

**ഡോ: എം. പി. മത്തായി**

അന്തർദേശീയ തലത്തിലറിയപ്പെടുന്ന ഗാന്ധിയൻ ചിന്തകനും അക്കാദമീഷ്യനുമായ ഡോ. എം. പി. മത്തായി ഇപ്പോൾ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ ഗാന്ധിയൻ പഠനവിഭാഗത്തിന്റെ തലവനാണ്. കോലഞ്ചേരി കോളജ് പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മദ്യവർജ്ജനപ്രസ്ഥാനത്തിൽ സജീവ സാന്നിദ്ധ്യമാണ്. ഇപ്പോഴത്തെ മാനേജിംഗ് കമ്മിറ്റിയംഗം എന്ന നിലയിൽ സ്കൂൾ – കോളജ് നിയമനങ്ങളുടെ കമ്മിറ്റിയിൽ പല തവണ അംഗമാകുകയും യോഗ്യതയുടെ അടിസ്ഥാനത്തിലും സുതാര്യമായും അതു നടത്തുവാനുള്ള ശ്രമത്തിന്റെ ഭാഗമായി ചില മെത്രാപ്പോലീത്താമാരുമായി അഭിപ്രായ സംഘർഷം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

**ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്**

ഇപ്പോൾ വൈദികസെമിനാരിയുടെ ബർസാറായി സേവനമനുഷ്ഠിക്കുന്ന ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് ബൽജിയത്തിലെ ലുവയ്ൻ സർവ്വകലാശാലയിൽ നിന്നും *സുറിയാനി സാഹിത്യത്തിലെ ബൈബിൾ വ്യാഖ്യാനവും ക്രിസ്തുവിജ്ഞാനീയവും* എന്ന വിഷയത്തിൽ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. ഓർത്തഡോക്സ് സഭയുടെ മുൻ വൈദികട്രസ്റ്റിയും മലങ്കര മൽപ്പാനുമായ പാമ്പാക്കുട പരേതനായ ഏബ്രഹാം കോനാട്ട് മൽപ്പാന്റെ പുത്രനും മലങ്കര മൽപ്പാൻ ഞാർത്തുങ്കൽ കോരുത് കത്തനാരുടെ ജാമാതാവുമാണ്. പ്രശസ്തമായ പാമ്പാക്കുട സുറിയാനി ഗ്രന്ഥശേഖരത്തിന്റെ ഇപ്പോഴത്തെ ഉടമയാണ്.

# മലങ്കര മെത്രാന്റെ സുന്നഹദോസ്

എം. കുര്യൻ തോമസ്

സുന്നഹദോസ് എന്നു കേൾക്കുമ്പോൾ ഇന്ന് മനസ്സിൽ തെളിയുന്നത് മെത്രാൻമാർ മാത്രം പങ്കെടുക്കുന്ന പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ചിത്രമാണ്. എന്നാൽ മലങ്കരസഭയിൽ പൂർവകാലം മുതൽ ഇടവകപ്പള്ളി പ്രതിനിധികളായ വൈദീക-ജനപ്രതിനിധികൾ പങ്കെടുക്കുന്ന *മലങ്കര പള്ളിയോഗങ്ങൾ സുന്നഹദോസ്* എന്ന പേരിലാണ് വിവക്ഷിക്കപ്പെട്ടുപോരുന്നത്. കുപ്രസിദ്ധമായ ഉദയംപേരൂർ (1599), കണ്ടനാട് (1809), മാവേലിക്കര (1836), പരുമല (1873), മുളന്തുരുത്തി (1876), വെളിയനാട് (1877) എന്നീ *മലങ്കര പള്ളിയോഗങ്ങൾ സുന്നഹദോസ്* എന്ന പേരിലാണ് ചരിത്രത്തിൽ പ്രസിദ്ധമായിരിക്കുന്നത്.

സംഗമം അഥവാ കൂടിവരവ് എന്ന് വാച്യാർത്ഥമുള്ള സുന്നഹദോസ് ആദിമസഭയിൽ മെത്രാന്മാർമാത്രം പങ്കെടുക്കുന്ന യോഗങ്ങളല്ലായിരുന്നു. മൂന്നു പൊതുസുന്നഹദോസുകളിലും മേല്പട്ടക്കാർ അല്ലാത്തവരും പങ്കെടുക്കുകയും ചർച്ചകളിൽ സജീവ പങ്കാളിത്തം വഹിക്കുകയും ചെയ്തതായി രേഖകളുണ്ട്. പിൽക്കാലത്ത് *മെത്രാധിപത്യം* ശക്തമായതോടുകൂടി ക്രൈസ്തവ ഹൃദയഭൂമിയിലെ സഭയുടെ നയരൂപീകരണ പ്രക്രിയയിൽനിന്നും, ഭരണത്തിൽ നിന്നും മേല്പട്ടക്കാർ ഒഴികെയുള്ളവർ പുറംതള്ളപ്പെട്ടു. അതോടെ ആദിമ സഭയുടെ *സുന്നഹദോസ്* മേല്പട്ടക്കാരുടെ മാത്രം സംഘമായി രൂപാന്തരപ്പെട്ടു.

എന്നാൽ യൂറോപ്പിലെയും മദ്ധ്യപൗരസ്ത്യദേശത്തെയും സഭാഭരണ ക്രമീകരണ പ്രക്രിയകളിലൊന്നും ബന്ധപ്പെടാത്ത മലങ്കരനസ്രാണികളെ ഈ മാറ്റം ബാധിച്ചില്ല. ഇവിടെ സുന്നഹദോസ് *മലങ്കര പള്ളിയോഗ*മായിത്തന്നെ തുടർന്നു. വൈദികരുടെയും അവൈദികരുടെയും പ്രതിനിധികളടങ്ങിയ ഈ അത്യുന്നതസമിതിയായിരുന്നു മലങ്കര സഭയുടെ ആത്മീയവും ലൗകീകവും ഭരണപരവുമായ എല്ലാ കാര്യങ്ങളുടെയും അവസാന വാക്ക്. *മലങ്കര പള്ളിയോഗ*ത്തിന്റെ സമ്മതംകൂടാതെ സഭാപരമായ ഒരു തീരുമാനവും മലങ്കരയിൽ നടപ്പാക്കാൻ സാദ്ധ്യമല്ല എന്ന തിരിച്ചറിവു മൂലമാണ് സർവതന്ത്രകുതന്ത്രങ്ങളുടെ പിൻബലവുമുണ്ടായിരുന്ന ആർച്ചുബിഷപ്പ് മെനസിസിന് റോമൻകത്തോലിക്കാ സഭയിലേക്ക് നസ്രാണികളെ പരിവർത്തനം ചെയ്യാൻ ബലപ്രയോഗത്തിലൂടെയാണെങ്കിലും ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടേണ്ടിവന്നത്. അവൈദികർ പങ്കെടുക്കുന്ന സുന്നഹദോസ് അക്കാരണം കൊണ്ടുമാത്രം അസാധുവാണെന്ന റോമൻ കത്തോലിക്കാസഭയുടെ കാനോൻ മറികടന്നാണ് അവൈദികർക്ക് ഭൂരിപക്ഷമുണ്ടായിരുന്ന ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടിയത്. ഈ ശക്തിയെപ്പറ്റി വ്യക്തമായ ധാരണ ഉണ്ടായിരുന്നതിനാലാണ് ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ *മലങ്കര പള്ളിയോഗ*ത്തെപ്പറ്റി നിശബ്ദത പാലിച്ചതും അതുവഴി അതിനെ ഇല്ലായ്മ ചെയ്യാനും ശ്രമിച്ചത്. പക്ഷേ ചുരുങ്ങിയ കാലത്തിനുള്ളിൽ *മലങ്കര പള്ളിയോഗം* അതിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുകയും 1653-ൽ കൂനൻകുരിശുസത്യമെന്ന സ്വാതന്ത്ര്യപ്രഖ്യാപനത്തിലൂടെ തങ്ങളുടെ കരുത്ത് തെളിയിക്കുകയും ചെയ്തു.

ലോകമെങ്ങും ക്രൈസ്തവസഭകൾ മെത്രാധിപത്യത്തിനു കീഴ്പ്പെട്ടപ്പോഴും അധിനിവേശ പൂർവ നസ്രാണി സമൂഹം പുരാതനമായ സുന്നഹദോസ് വ്യവസ്ഥിതിയിൽ നിലനിന്നിരുന്നതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതായി, നമ്പൂതിരി ഗ്രാമവ്യവസ്ഥയുമായി അതിനുണ്ടായിരുന്ന സാധർമ്മ്യം അതേ വ്യവസ്ഥിതി തുടരുന്നതിന് നസ്രാണികൾക്ക് പ്രേരകഘടകമായി. രണ്ടാമതായി, പേർഷ്യൻ മെത്രാന്മാരുടെ ആഗമനത്തിലെ ഭംഗുരത ഏതെങ്കിലും തരത്തിലുള്ള അധികാരം നടത്തുന്നതിന് അവരെ അസാദ്ധ്യരാക്കി. തികച്ചും പ്രാദേശികമായി ലഭ്യമായ അധികാരഘടനയിൽ ഭരണം കേന്ദ്രീകരിക്കുകയായിരുന്നു ഇതിന്റെ ഫലം.

എന്നാൽ പൗരോഹിത്യത്തിനു മുൻതൂക്കം കൊടുക്കാത്ത ഒരു ഭരണ സംവിധാനമായിരുന്നില്ല നസ്രാണികളുടേത്. *മലങ്കര പള്ളിയോഗ*ത്തിൽ വൈദികർ അംഗങ്ങളായിരുന്നു എന്നു മാത്രമല്ല, അതിന്റെ അദ്ധ്യക്ഷനും ഭരണനിർവാഹകനും പേർഷ്യൻ സഭാനിയമപ്രകാരം വാഴിക്കപ്പെട്ട *അർക്കദ്യക്കോൻ* എന്ന വൈദികസ്ഥാനിക്കായിരുന്നു. 1653-ൽ അർക്കദ്യക്കോൻ സ്ഥാനം എപ്പിസ്ക്കോപ്പേറ്റായും 1815-ൽ എപ്പിസ്കോപ്പേറ്റ് മെത്രാപ്പോലീത്താ സ്ഥാനമായും ഉയർത്തപ്പെട്ടപ്പോഴും ഈ അദ്ധ്യക്ഷ-കാര്യ നിർവാഹക സ്ഥാനത്തിനു മാറ്റമൊന്നും വന്നില്ല.

ഇതിനേക്കാളുപരി തങ്ങൾ ഒരിക്കലും കാണാത്ത ബാഗ്ദാദിലെ കാതോലിക്കായുടെ ആത്മീയ അധികാരത്തിനു കീഴിലായിരുന്നു അധിനിവേശപൂർവ കാലത്തെ മലങ്കരനസ്രാണികൾ. ഉന്നതമായ ബഹുമാനം നൽകിയിരുന്നെങ്കിലും ബാഗ്ദാദിലെ കാതോലിക്കായ്ക്ക് പൂർവിക വൈദിക പിന്തുടർച്ചാ കേന്ദ്രമെന്ന നിലയിലുള്ള ബഹുമാനമല്ലാതെ പ്രായോഗിക തലത്തിലുള്ള യാതൊരു അധികാരവും മലങ്കര നസ്രാണികളുടെമേൽ ഉണ്ടായിരുന്നില്ല. ഇദ്ദേഹത്തിനു പകരം റോമാ പാപ്പായെ സമ്പൂർണ്ണ അധികാരിയാക്കാനുള്ള റോമൻ കത്തോലിക്കാസഭയുടെ ശ്രമങ്ങൾ അവസാനം നസ്രാണികളെ കൊണ്ടെത്തിച്ചത് അന്തോഖ്യാ പാത്രിയർക്കീസുമായുള്ള ബന്ധത്തിലാണ്. ഈ പ്രക്രിയക്കിടയിൽ സംഭവിച്ച അർക്കദ്യക്കോനിൽ നിന്നും എപ്പിസ്കോപ്പയിലേക്കുള്ള വളർച്ച, പിൻഗാമിയെ വാഴിക്കുന്നതടക്കമുള്ള പട്ടാഭിഷേകങ്ങൾ *മലങ്കര പള്ളിയോഗ*ത്തിന്റെ അദ്ധ്യക്ഷനിൽ എത്തിച്ചിരുന്നു.

ഗ്രീക്കോ-റോമൻ ശൈലിയിലുള്ള മേലധികാരം അന്തോഖ്യാ പാത്രിയർക്കീസും അതേ ശൈലിയിലുള്ള ഭരണാധികാരം ഇവിടെയെത്തിയ പാശ്ചാത്യ സുറിയാനി മെത്രാന്മാരും അവകാശപ്പെട്ടെങ്കിലും അവയൊന്നും അംഗീകരിക്കാൻ *മലങ്കര പള്ളിയോഗം* തയാറായില്ല. ആത്മീയ-ലൗകീക കാര്യങ്ങളിലുള്ള തങ്ങളുടെ മേലധികാരം അഭംഗുരം ഉപയോഗിക്കുന്നതായാണ് 17-19 നൂറ്റാണ്ടുകളിൽ *മലങ്കര പള്ളിയോഗ*ത്തെ ചരിത്രത്തിൽ കാണാൻ കഴിയുന്നത്.

ഇതിൽനിന്നും മലങ്കരസഭ ഒരു എപ്പിസ്കോപ്പൽ സഭ ആയിരുന്നില്ല എന്നു ധരിക്കരുത്. വിശാലമായ അർത്ഥത്തിൽ മലങ്കരസഭ എന്നും എപ്പിസ്കോപ്പലായിരുന്നു കൈവപ്പിന്റെ പിന്തുടർച്ചയെ മലങ്കരസഭ എന്നും നിലനിർത്തിയിരുന്നു. അതിനുവേണ്ടി വളരെയധികം കഷ്ടപ്പാടുകളും സഭയ്ക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഗ്രീക്കോ-റോമൻ ശൈലിയിലുള്ള *മെത്രാധിപത്യം* നസ്രാണികൾ അംഗീകരിച്ചിരുന്നില്ല എന്നുമാത്രമേ ഇവിടെ വിവക്ഷയുള്ളു.

എന്നാൽ, ഇതിനിടയിൽ അപകടകരമായ മറ്റൊരു പ്രവണത സംജാതമായി. പാശ്ചാത്യ സുറിയാനി മെത്രാന്മാരുടെ ചുവടുപിടിച്ച് മലങ്കര മെത്രാന്മാരും *ഏകനായകത്വത്തിലേക്ക്* വഴുതിവീണു. ഈ പ്രക്രിയക്ക് നിയമപരമായ പിൻബലമൊന്നുമില്ലായിരുന്നു എങ്കിലും മലങ്കര നസ്രാണികളുടെ 17-19 നൂറ്റാണ്ടുകളിലെ അന്തഃചിദ്രം മൂലം *മലങ്കര പള്ളിയോഗ*ത്തിന് ഇതിനെതിരെ ഫലപ്രദമായി പ്രതികരിക്കാനായില്ല. ചുരുക്കത്തിൽ 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയായപ്പോഴേക്കും *മലങ്കര പള്ളിയോഗം* അസ്തപ്രഭമായി.

മെത്രാൻമാരുടെ ഏകനായകത്വത്തെ ഫലപ്രദമായി തടയുവാനാണ് *മലങ്കര പള്ളിയോഗത്തെ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ* എന്ന പേരിൽ പരിഷ്കൃതരീതിയിൽ പുനഃസംഘടിപ്പിച്ചതും അതിനൊരു മാനേജിംഗ് കമ്മറ്റിയെ നിയമിച്ചതും 1873-ലെ പരുമല, 1876-ലെ മുളന്തുരുത്തി എന്നീ സുന്നഹദോസുകളാണ് ഈ നടപടി സ്വീകരിച്ചത്. മലങ്കരസഭയുടെ *പൊതുവിലേക്ക് വേണ്ടുന്ന മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള സകല കാര്യങ്ങക്കും കൈകാരകർത്താക്കളും ഭാരവാഹികളും* ആയിയാണ് അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും രൂപീകരിക്കുന്നതെന്ന് രണ്ടു സുന്നഹദോസുകളും വ്യക്തമാക്കിയിട്ടുണ്ടായിരുന്നു.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് തിരഞ്ഞെടുപ്പു കൂടാതെ ശീമയിൽപോയി അന്തോഖ്യാ പാത്രിയർക്കീസിൽ നിന്നും മേല്പട്ടമേറ്റു വന്നതോടെ രണ്ടു നൂറ്റാണ്ടിലധികമായി നസ്രാണികൾ കൈവശം വച്ചിരുന്ന മേല്പട്ടക്കാരെ വാഴിക്കാനുള്ള അധികാരം പാത്രിയർക്കീസിനു ലഭിച്ചു. തുടർന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമനും പാത്രിയർക്കീസിൽനിന്നു മേല്പട്ടസ്ഥാനം സ്വീകരിച്ചതോടെ അതൊരു കീഴ്വഴക്കമായി മാറി. ഈ നവീന അവകാശത്തിന്റെ ചുവടുപിടിച്ചാവണം പാത്രോസ് തൃതീയൻ പാത്രിയർക്കീസ് ഏകപക്ഷീയമായി മലങ്കരയിൽ നാലു മെത്രാന്മാരെ വാഴിച്ചത്.

ഇതിനോടുള്ള *മലങ്കര പള്ളിയോഗ*ത്തിന്റെ പ്രതികരണം രൂക്ഷമായിരുന്നു. തങ്ങളോടാലോചിക്കാതെ പാത്രിയർക്കീസ് ഏകപക്ഷീയമായി നടത്തിയ ഈ മെത്രാൻ വാഴ്ചകളിൽ പ്രതിഷേധിച്ച് മാനേജിംഗ് കമ്മറ്റി രാജിവെച്ചു. മുളന്തുരുത്തി സുന്നഹദോസിനു ശേഷം മൂന്നു മാസങ്ങൾക്കുള്ളിലാണ് രാജിവെച്ചത് എന്നത് പ്രതിഷേധത്തിന്റെ രൂക്ഷത വ്യക്തമാക്കുന്നു. മാത്രമല്ല 1877 മകരം 15-നു പാത്രിയർക്കീസ് വിളിച്ചുകൂട്ടിയ വെളിയനാട് സുന്നഹദോസ് അസോസിയേഷൻ അംഗങ്ങൾ ബഹിഷ്ക്കരിച്ചു. 1889-ലെ റോയൽകോടതിവിധി മെത്രാന്മാർക്ക് *മലങ്കരപള്ളിയോഗ*ത്തിന്റെ തിരഞ്ഞെടുപ്പ് അത്യാവശ്യഘടകമാണെന്നു നിശ്ചയിച്ചത് മാനേജിംഗ് കമ്മറ്റിയുടെ ഈ നിലപാടിന് ലഭിച്ച അംഗീകാരമായി കണക്കാക്കാം.

1876-77 വർഷങ്ങളിൽ പത്രോസ് പാത്രിയർക്കീസ് മലങ്കര മെത്രാപ്പോലീത്തായെ കൂടാതെ ആറു മെത്രാന്മാരെ വാഴിച്ചതോടെയാണ് മലങ്കരയിൽ ഒരു എപ്പിസ്കോപ്പൽ സുന്നഹദോസിനുള്ള സാദ്ധ്യതയെങ്കിലും ഉണ്ടായത്. പക്ഷേ ഇവർ ഒരു സുന്നഹദോസ് എന്ന രീതിയിൽ പ്രവർത്തിക്കാൻ പാത്രിയർക്കീസ് ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ പാത്രിയർക്കീസ് മടങ്ങിപ്പോയ ഉടൻതന്നെ 1877 ജൂൺ-ജൂലൈ മാസങ്ങളിൽ വെട്ടിക്കൽ ദയറായിൽ മെത്രാന്മാർ സംഘം ചേർന്നു. ഇതാണ് മലങ്കരയിലെ പ്രഥമ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്. എന്നാൽ നവമെത്രാന്മാരുടെ മേൽ മലങ്കര മെത്രാന് അധികാരമുണ്ടെന്നു സ്ഥാപിക്കുവാനല്ലാതെ മറ്റൊരു ഉദ്ദേശ്യവും വെട്ടിക്കൽ സുന്നഹദോസിനില്ലായിരുന്നു. പിന്നീട് ദശാബ്ദങ്ങളോളം എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂടിയതായോ എന്തെങ്കിലും തീരുമാനമെടുത്തതായോ രേഖകളൊന്നുമില്ല. ഇതിനിടയിൽ 1878-ൽ പരുമലയിൽ കൂടിയ അസോസിയേഷൻ നവമെത്രാന്മാരെകൂടി മാനേജിംഗ് കമ്മറ്റി അംഗങ്ങളാക്കി. അതോടെ അവരും *മലങ്കര പള്ളിയോഗ*ത്തിന്റെ ഭാഗമായി മാറി.

1878 മുതലുള്ള മലങ്കര അസോസിയേഷന്റെയും മാനേജിംഗ് കമ്മറ്റിയുടെയും രേഖകൾ പരിശോധിച്ചാൽ മുളന്തുരുത്തി സുന്നഹദോസ് നിർദ്ധാരണം ചെയ്തിരുന്ന ആത്മീയവും ലൗകീകവുമായ അധികാരങ്ങളെല്ലാം അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും ഉപയോഗിച്ചിരുന്നു എന്നു കാണാം. എന്നാൽ ഇതേ കാലഘട്ടത്തിൽതന്നെ, മലങ്കര മെത്രാന്റെ സവിശേഷാധികാരങ്ങളിലൊന്നും മാനേജിംഗ് കമ്മറ്റി കൈകടത്തിയതായും കാണുന്നില്ല. ഉദാഹരണത്തിന്, പരമ്പരാഗത ആചാരപ്രകാരം കോനാട്ട് കോര യൂഹാനോൻ മല്പാനെ മലങ്കര മല്പാനായി നിയമിച്ചതിൽ മാനേജിംഗ് കമ്മറ്റി കൈകടത്തിയതായി കാണുന്നില്ല. അതേ സമയം പള്ളിത്തർക്കങ്ങളിലൂടെ അപ്പീലുകളിൽ മാനേജിംഗ് കമ്മറ്റി ഇടപെട്ടതായും നടപടി എടുത്തതായും രേഖകളുണ്ട്.

ഈ കാലഘട്ടത്തിലെ മറ്റൊരു പരിണാമം മലങ്കര മെത്രാന്റെ അധികാരം പങ്കുവയ്ക്കുന്നതാണ്. പരാതികളിലും വിധികളിലും തന്റെ അപ്പീൽ അധികാരം മലങ്കര മെത്രാൻ നിലനിർത്തിയെങ്കിലും ഇടവക മെത്രാൻമാർക്കും ഈ അധികാരം ലഭ്യമായി. മുകളിൽ പറഞ്ഞ കോനാട്ടു മല്പാന്റെ നിയമനം എല്ലാ മെത്രാന്മാരുടെയും സമ്മതത്തോടുകൂടിയാണ് നടത്തിയതെന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ അദ്ദേഹത്തിനു നൽകിയ സാക്ഷ്യപത്രത്തിൽ വ്യക്തമാക്കുന്നുണ്ട്. ചുരുക്കത്തിൽ, ഈ കാലഘട്ടത്തിൽ മലങ്കര മെത്രാനിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന എപ്പിസ്കോപ്പൽ അധികാരങ്ങൾ പുതുതായി രൂപംകൊണ്ട എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ കൂട്ടുത്തരവാദിത്വമായി പരിവർത്തനം ചെയ്യപ്പെട്ടു.

ഇവിടെ പ്രത്യേകം പരിഗണിക്കേണ്ട ഒരു വസ്തുത പൂർവികകാലം മുതൽ മലങ്കര മെത്രാപ്പോലീത്താമാർക്കുണ്ടായിരുന്ന അവകാശങ്ങൾ അസോസിയേഷൻ രൂപീകരണത്തിനു മുമ്പുതന്നെ നഷ്ടപ്പെട്ടിരുന്നു എന്നതാണ്. മാർ മാത്യൂസ് അത്താനാസ്യോസും തുടർന്ന് മാർ ദീവന്നാസ്യോസ് പഞ്ചമനും അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മേല്പട്ടസ്ഥാനം ഏറ്റതോടെ പിൻഗാമികളെ വാഴിക്കാനുള്ള അവകാശം മലങ്കര മെത്രാപ്പോലീത്തായ്ക്ക് നഷ്ടമായി. മൂറോൻ കൂദാശ ചെയ്യാനുള്ള അവകാശവും പാത്രിയർക്കീസ് കൈവശം വെച്ചിരിക്കുകയായിരുന്നു. ഇവയൊഴികെയുള്ള അവകാശാധികാരങ്ങൾ മാത്രമാണ്. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു പങ്കു വയ്ക്കാനായത്.

ഈ പശ്ചാത്തലത്തിൽ വേണം മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ച നടപടിയെ പരിഗണിക്കാൻ. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ മലങ്കര മെത്രാനു നഷ്ടപ്പെട്ട അവകാശങ്ങൾ തിരിച്ചുപിടിക്കുക അസാദ്ധ്യമായിരുന്നു. അതേ കാലഘട്ടത്തിൽ സമ്മതിച്ചുകൊടുക്കേണ്ടി വന്ന പാത്രിയർക്കീസിന്റെ ആത്മീയ അധികാരം നിഷേധിക്കുവാനും സാധ്യമല്ലായിരുന്നു. ഇവയ്ക്ക് ഒരു മദ്ധ്യവർത്തി എന്ന നിലയിലാണ് ഒരു കാതോലിക്കായെ ഇവിടെ വാഴിക്കുവാനും അതുവഴി മേല്പട്ടസ്ഥാനാരോഹണവും മൂറോൻ കൂദാശയും മലങ്കരയിൽ നിലനിർത്തുവാനും ശ്രമിച്ചത്.

മെത്രാധിപത്യ ശ്രേണിയിലെ പരമാധികാരി എന്ന നിലയിലാണ് 1912-ൽ കാതോലിക്കേറ്റ് ഇവിടെ സ്ഥാപിച്ചത്. മേല്പട്ടസ്ഥാനം നൽകുവാനും മൂറോൻ കൂദാശ ചെയ്യുവാനുമുള്ള അധികാരം ഈ കാതോലിക്കായ്ക്കുണ്ടായിരുന്നു. പക്ഷേ അവയൊക്കെയും 'മാർ ദീവന്നാസ്യോസ് അദ്ധ്യക്ഷനായിരിക്കുന്ന സുന്നഹദോസിന്റെ' തീരുമാനപ്രകാരമായിരിക്കണമെന്നും പ. അബ്ദൽ മ്ശിഹാ പാത്രിയർക്കീസ് നൽകിയ സ്ഥാത്തിക്കോനിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ മാർ ദീവാന്നാസ്യോസ് അദ്ധ്യക്ഷനായിരിക്കുന്ന സുന്നഹദോസ് എന്നു വിവക്ഷിക്കുന്നത് മലങ്കര മെത്രാപ്പോലീത്താ അധ്യക്ഷനായിരിക്കുന്ന അസോസിയേഷനും മാനേജിംഗ് കമ്മറ്റിയുമാണെന്ന് വ്യക്തമാണ്. കാരണം ആത്മീയവും ലൗകീകവുമായ മേലധികാരവും, മെത്രാന്മാരെ തിരഞ്ഞെടുക്കാനുള്ള അധികാരവും തങ്ങൾക്കാണന്ന് മാനേജിംഗ് കമ്മറ്റി 1876-77 കാലത്തുതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. 1912-ൽ അപ്രകാരമാണ് നടന്നു വന്നിരുന്നതും.

എന്നാൽ കാതോലിക്കായുടെ തിരഞ്ഞെടുപ്പ് ഒരു എപ്പിസ്ക്കോപ്പൽ നടപടി ആയിരുന്നു. ആദ്യത്തെ മൂന്നു കാതോലിക്കാമാരെ വാഴിക്കുന്നതിനും പള്ളിപ്രതിപുരുഷന്മാരുടെ സമ്മതം തേടിയിരുന്നെങ്കിലും ഈ മൂന്നു യോഗങ്ങളും (പരുമല, നിരണം, വാകത്താനം) അസോസിയേഷനുകളുടെ ഔദ്യോഗിക പട്ടികയിൽ ചേർത്തിട്ടില്ലെന്നതും, ഇവ മൂന്നും വിളിച്ചുകൂട്ടിയത് മലങ്കര മെത്രാപ്പോലീത്താ അല്ലെന്ന വസ്തുതയും ഈ തെരഞ്ഞെടുപ്പിന്റെ എപ്പിസ്ക്കോപ്പൽ സ്വഭാവം വ്യക്തമാക്കുന്നുണ്ട്. ഒരുപക്ഷേ കാതോലിക്കായുടെ പ്രവർത്തനം തങ്ങളുടെ നിയന്ത്രണത്തിലായതിനാൽ ഇക്കാര്യത്തിൽ മാനേജിംഗ് കമ്മറ്റി കൂടുതൽ അവകാശവാദങ്ങൾ ഉന്നയിക്കാതിരുന്നതാവാനും മതി. എന്തായാലും 1912-ലെ കാതോലിക്കാവാഴ്ചയോടെ മലങ്കരമെത്രാന്റെ പൂർവിക ആത്മീയ അധികാരങ്ങൾ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ എത്തിച്ചേർന്നു.

പക്ഷേ അപകടകരമായ മറ്റൊരു പ്രവണത ഇതിനിടയിൽ മുളച്ചുപൊന്തിയിരിക്കുന്നു. അധികാരം മെത്രാനിൽ കേന്ദ്രീകരിക്കുക എന്ന ഗ്രീക്കോ-റോമൻ എപ്പിസ്ക്കോപ്പൽ തത്വശാസ്ത്രത്തിന്റെ സ്വാധീനം ഇക്കാലയളവിൽ മലങ്കരയിലെ മെത്രാപ്പോലീത്തന്മാരുടെ ഇടയിൽ കടന്നുകൂടി. സാഹചര്യങ്ങൾ നൽകിയ അപരിമിതമായ അധികാരങ്ങൾ കൂടാതെ, റോമൻ കത്തോലിക്കാ സഭയുടെ അധികാരശ്രേണിയുടെ ഘടന സ്വാധീനം ചെലുത്തിയ ചില വ്യക്തികളുടെ പ്രവർത്തനവും ഇതിനു പ്രേരകമായി. മെത്രാധിപത്യവാദികൾ വിഭാവനം ചെയ്ത ഭരണക്രമത്തിൽ അധികാരം പൂർണ്ണമായും കാതോലിക്കാ അദ്ധ്യക്ഷനായുള്ള എപ്പിസ്കോപ്പൽ സുന്നഹദോസിൽ കേന്ദ്രീകരിച്ചിരുന്നു. ആത്മീയമോ, ഭൗതീകമോ, ഭരണപരമോ, സാമ്പത്തികമോ ആയ യാതൊരു അധികാരവും, ജന-വൈദിക പ്രതിനിധികൾക്ക് ഉണ്ടായിരുന്നില്ല. ഈ ഭരണക്രമം നിലവിൽ വന്നിരുന്നെങ്കിൽ അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും വെറും നോക്കുകുത്തികൾ മാത്രമാകുമായിരുന്നു.

ഈ പശ്ചാത്തലത്തിലാണ് 1930-ൽ മലങ്കര അസോസിയേഷൻ, ഒരു ഭരണഘടനാ നിർമ്മാണകമ്മറ്റിയെ നിയമിക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ മെത്രാധിപത്യവാദികളും ജനാധിപത്യവാദികളും തമ്മിലുള്ള തുറന്ന പോരാട്ടത്തിന്റെ വേദിയായി ഈ കമ്മറ്റി മാറി. കാതോലിക്കായിൽ കേന്ദ്രീകൃതമായ എപ്പിസ്കോപ്പൽ ഭരണക്രമമാണ് മെത്രാധിപത്യവാദികൾ മുമ്പോട്ടുവെച്ചത്. ഇത് ജനാധിപത്യവാദികൾക്ക് സ്വീകാര്യമല്ലായിരുന്നു.

മലങ്കര മെത്രാനിൽ കേന്ദ്രീകൃതമായ വൈദീക - അവൈദിക പ്രതിനിധികൾകൂടി അടങ്ങിയ ഒരു ഭരണക്രമമായിരുന്നു അവരുടെ നിർദ്ദേശം. ജനാധിപത്യവാദികളുടെ കാഴ്ചപ്പാടിൽ മലങ്കര മെത്രാൻ പരമ്പരാഗതമായുള്ള മലങ്കരപള്ളിയോഗത്തിൽ അധിഷ്ഠിതമായ ജനാധിപത്യ ഭരണത്തിന്റെ പ്രതിരൂപവും, കാതോലിക്കാ മെത്രാധിപത്യത്തിന്റെ പ്രതീകവുമായിരുന്നു. (തുടരും)

മുഖലേഖനം

# പുതിയ അസ്സോസിയേഷൻ: ചില ചിന്തകൾ

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ 2002 ൽ രൂപംകൊണ്ട അംഗത്വ ഘടന 2007 മാർച്ചിൽ കാലാവധി പൂർത്തിയാക്കി പുതിയതിന് വഴി മാറുകയാണ്. പലതുകൊണ്ടും അഭൂതപൂർവ്വമായ പല പ്രവർത്തനങ്ങളും നടത്തിയതിനു ശേഷമാണ് ഈ അസ്സോസിയേഷൻ തങ്ങളുടെ പിൻഗാമികൾക്ക് വഴിമാറുന്നത്. അസ്സോസിയേഷന്റെ കാലാവധി അഞ്ചുവർഷമെന്ന സുപ്രീംകോടതി വിധി മൂലം ഈ സംഘടനയ്ക്ക് ഒരു തുടർ സ്വഭാവം വന്നതു തന്നെ ആദ്യത്തേത്. ഭരണത്തിലിരിക്കുന്ന കാതോലിക്കോസ് - മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനം സ്ഥിരീകരിക്കുവാനുള്ള നിയോഗം മറ്റൊന്ന്. നിയമപരമായ കുരുക്കുകളഴിക്കുവാൻ 14 വർഷം മുമ്പു തിരഞ്ഞെടുത്ത അടുത്ത കാതോലിക്കോസ് - മലങ്കര മെത്രാപ്പോലീത്തായുടെ തെരഞ്ഞെടുപ്പും സ്ഥിരീകരിക്കുകയും 1971 മുതലുള്ള തീരുമാനങ്ങളെ ക്രമപ്പെടുത്തിയതിനുള്ള നിയോഗവും ഈ അസ്സോസിയേഷന്റെ പ്രധാന കർമ്മങ്ങളിൽപ്പെടുന്നു.

അസ്സോസിയേഷന്റെ സൃഷ്ടിയായ മാനേജിംഗ് കമ്മറ്റിയും പടിയിറങ്ങി പുതിയ സ്ഥാനികൾക്കായി വഴിയൊരുക്കുകയാണ്. പുതിയ അൽമായ - വൈദിക ട്രസ്റ്റിമാരും സ്ഥാനമേല്ക്കുന്നതോടെ സഭയുടെ എപ്പിസ്കോപ്പലിതര നേതൃത്വത്തിന് ഒരു പുതിയ രൂപവും ഭാവവും ഉണ്ടാകും. അടുത്ത അഞ്ചു വർഷത്തെ സഭയുടെ ഭാഗധേയങ്ങൾ നിർണ്ണയിക്കപ്പെടുന്നത് ഏതു തരത്തിലുള്ള നേതൃത്വത്തെ ജനം തിരഞ്ഞെടുക്കുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും. ദൈവഹിതം നിറവേറും എന്ന് സമാശ്വസിച്ച് അലസരായിരിക്കുന്നത് ദൈവഹിതമല്ല എന്നതാണ് ആദ്യം പഠിക്കേണ്ട പാഠം. മനുഷ്യൻ സദുദ്ദേശ്യത്തോടും പ്രാർത്ഥനാപൂർവ്വവും പ്രവർത്തിക്കുന്നയിടത്താണ് ദൈവം പ്രവർത്തിക്കുക. അലസരായിരിക്കുന്ന ജനത്തിനിടയിൽ പ്രവർത്തിക്കുന്നത് സാത്താനായിരിക്കുമെന്നതും മനസ്സിലാക്കുവാൻ പ്രയാസമുള്ള തത്വമല്ലല്ലോ.

ആദ്യപടി അസ്സോസിയേഷൻ പ്രതിനിധികളെ ഇടവകകളിൽനിന്നു തെരഞ്ഞെടുക്കുന്നതിലാണ്. ആരെയെങ്കിലുമൊക്കെ തെരഞ്ഞെടുത്തു വിടുന്ന പതിവു നടപടിക്കു വിരുദ്ധമായി ദൈവജനം അല്പം ശ്രദ്ധ ചെലുത്തേണ്ടയവസരമാണിത്. സഭയുടെയും ഇടവകയുടെയും ധർമ്മങ്ങളെപ്പറ്റിയും സഭാഭരണഘടനയെപ്പറ്റിയും വിശ്വാസം, ആരാധന എന്നിവയെപ്പറ്റിയുമുള്ള അറിവും ചരിത്രബോധവുമുള്ള പ്രതിനിധികളെ വേണം ഇടവകകളിൽനിന്നും തെരഞ്ഞെടുക്കുവാൻ. ആരുടെയെങ്കിലും സ്തുതിപാഠകരേയോ, തങ്ങളുടെ ഭൂമിയിലെ യജമാനന്മാരുടെ താല്പര്യം സംരക്ഷിക്കുന്നതിന് കച്ചമുറുക്കിയിട്ടുള്ളവരെയോ ഒക്കെ ഒഴിവാക്കണം. സഭയിലെ സ്ഥാനങ്ങൾ സ്വാർത്ഥലക്ഷ്യങ്ങൾ നേടിയെടുക്കുവാനും ലോബിയിംഗിലൂടെ പലയിടത്തും കയറിപ്പറ്റുവാനുമൊക്കെയുള്ള ലക്ഷ്യത്തോടെ മുന്നോട്ടുവരുന്നവരെ കണ്ടുപിടിച്ച് ഒഴിവാക്കുക തന്നെ വേണം. സഭയുടെ സുപ്രധാന സമിതികളിൽ ഇത്തരക്കാരുടെ ആധിക്യമാണ് ഇടക്കാലങ്ങളിൽ സഭയ്ക്ക് വന്നു ഭവിച്ച പല പരാജയങ്ങളുടെയും അടിസ്ഥാന കാരണം.

സഭവക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും പ്രധാന സമിതികളിൽ പ്രവേശിപ്പിക്കാതിരിക്കാനുള്ള വിവേകം ജനത്തിനുണ്ടാവണം. പ്രമോഷൻ, സ്ഥലംമാറ്റം ഇവക്കെല്ലാം വിലപേശുവാനുള്ള ശക്തി സംഭരിക്കയാണ് ഇവരിൽ പലരുടെയും ലക്ഷ്യം. ആ വക സൗജന്യങ്ങൾ നൽകുവാൻ കഴിവുള്ള അധികാരികളെ സുഖിപ്പിക്കേണ്ടത് അവരുടെ ആവശ്യവും. സഭയുടെ ഉത്തമതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ മനസ്സാക്ഷിക്കും ഉത്തമബോദ്ധ്യത്തിനും അനുസൃതമായി ധീരമായ നിലപാടുകളെടുക്കുന്നവരെയാവണം തിരഞ്ഞെടുക്കേണ്ടത്. സ്വന്തം താല്പര്യങ്ങളോ സഭയുടേതല്ലാത്ത പല ലോബികളുടെ താല്പര്യങ്ങളോ സംരക്ഷിക്കാനുള്ള വേദിയായി സഭാസമിതികളെ കാണുന്നവരെ അവർ എത്ര ഉന്നതരായാലും മറ്റു യോഗ്യതയുള്ളവരായാലും മാറ്റി നിർത്തേണ്ടത് സഭാസ്നേഹികളുടെ കർത്തവ്യമാണ്. അതിലേക്ക് മുഖം നോക്കാതെ പ്രവർത്തിക്കുവാൻ സഭാസ്നേഹികൾ തയ്യാറാവണം.

ഇടവകജനങ്ങളുടെ പ്രതിപുരുഷന്മാരാൽ തിരഞ്ഞെടുക്കപ്പെടുന്ന മാനേജിംഗ് കമ്മറ്റി ജനാഭിലാഷം മനസ്സിലാക്കേണ്ടവരും അവയെ പ്രതിഫലിപ്പിക്കേണ്ടവരും അതിനനുരൂപമായി തീരുമാനങ്ങൾ എടുക്കേണ്ടവരുമാണ്. എന്നാൽ മാനേജിംഗ് കമ്മറ്റിയോഗം ചേരുമ്പോൾ സെക്യൂരിറ്റി ഗാർഡുകളുടെ വേഷത്തിൽ ഗുണ്ടകളേയും അതും പോരാഞ്ഞിട്ട് പോലീസിനെയും കാവൽനിർത്തി യോഗം ചേരേണ്ട ഗതികേടിനെപ്പറ്റി ജനത്തിന്റെ പ്രതിപുരുഷന്മാരുടെ പ്രതിപുരുഷന്മാർക്ക് യാതൊരുളുപ്പും തോന്നിയിട്ടില്ല എന്നതാണ് സത്യം. ഈ യോഗങ്ങളുടെ തുടർച്ചയായി നടക്കുന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസുകൾക്ക് യാതൊരുവിധ സെക്യൂരിറ്റിയുടെയും ആവശ്യമുണ്ടായില്ലെന്നതും അതു മൂലം ആ യോഗത്തിന് യാതൊരു തടസ്സമോ പ്രയാസമോ ഉണ്ടായിട്ടില്ലെന്നതും ചേർത്തു വായിക്കുമ്പോൾ ഇപ്പോൾ പടിയിറങ്ങുന്ന മാനേജിംഗ് കമ്മറ്റിയുടെ പരാജയം എത്ര വലുതെന്ന് വ്യക്തമാകും.

മാനേജിംഗ് കമ്മറ്റിയുടെ തന്നെ എത്രയെത്ര തീരുമാനങ്ങൾ നടപ്പിലാക്കാതെയിരിക്കുന്നു എന്ന് കണക്കെടുക്കുവാൻ പോലും പ്രയാസമാണ്. അവ നടപ്പാക്കാത്തതിനെപ്പറ്റി അംഗങ്ങൾക്ക് പരാതിയുമില്ല. ഒരു അനുഷ്ഠാനം പോലെ ചില തീരുമാനങ്ങളെടുക്കയും ഉടൻതന്നെ അവ മറക്കുകയും ചെയ്യുന്ന അതീവ വിചിത്രമായ ഒരു പ്രവർത്തനശൈലിയാണ് ഈ സമിതി പിൻതുടർന്നിരുന്നത്. ചോദ്യോത്തരങ്ങൾ ചേർത്തുവച്ച് ഒരു പുസ്തകമിറക്കിയാൽ ഒരു മികച്ച ഹാസ്യസാഹിത്യ ഗ്രന്ഥമായി അതിന് അംഗീകാരം ലഭിച്ചേക്കും. ഏതെങ്കിലും ഒരു ചോദ്യത്തിന് വ്യക്തവും വിഷയബന്ധമുള്ളതുമായ ഒരു ഉത്തരം ലഭിച്ചിട്ടുണ്ടോ എന്ന് ഈ വൈകിയവേളയിലെങ്കിലും മാനേജിംഗ് കമ്മറ്റിയംഗങ്ങൾ ഒന്നു ചിന്തിച്ചാൽ കൊള്ളാം. സ്വാർത്ഥപരമായ അജൻഡകൾക്കു വേണ്ടി ലോബി ചെയ്യുന്നതിനിടയിൽ ഇതെല്ലാം ശ്രദ്ധിക്കുവാൻ നേരമെവിടെ?

ഇടതും വലതും രാഷ്ട്രീയ മുന്നണികളുടെ താല്പര്യസംരക്ഷണം മാത്രം അജണ്ടയായിട്ടുണ്ടായിരുന്ന പലരും മാനേജിംഗ് കമ്മറ്റിയിൽ കയറിപ്പറ്റിയിട്ടുണ്ട്. സി. എം. സ്റ്റീഫൻ, ഇ. ജോൺ ജേക്കബ്, കെ. സി. ജോർജ്ജ് എന്നിങ്ങനെ രാഷ്ട്രീയ ചേരികളിൽ ഭിന്നതയുണ്ടായിരുന്നവർ സഭയെ തങ്ങളുടെ രാഷ്ട്രീയ സ്വാധീനത്തിലൂടെ എങ്ങനെ സഹായിക്കാം എന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. എന്നാൽ ഈ മാനേജിംഗ് കമ്മറ്റിയിലുണ്ടായിരുന്ന രാഷ്ട്രീയക്കാർ - ഇരു ചേരിയിലുമുള്ളവർ - തങ്ങളുടെ രാഷ്ട്രീയതാല്പര്യങ്ങൾക്ക് സഭയെ എപ്രകാരമുപയോഗിക്കാം എന്ന് ചിന്തിച്ചവരായിരുന്നു. തങ്ങളുടെ രാഷ്ട്രീയയജമാനന്മാരെ തൃപ്തിപ്പെടുത്തുവാൻ സഭയെ വെട്ടിമുറിക്കുവാൻവരെ അരയും തലയും മുറുക്കി വന്ന കോടാലിക്കൈകളായിരുന്നു ഇവർ. മറുപക്ഷത്തുള്ള നേതാക്കളായ പി. പി. തങ്കച്ചൻ, ടി. എം. ജേക്കബ് തുടങ്ങിയവർ തങ്ങളുടെ പക്ഷത്തിനു വേണ്ടി ഉറച്ച നിലപാടുകളെടുക്കുകയും ഗവൺമെന്റുകളിൽ സമ്മർദ്ദം ചെലുത്തി കാര്യങ്ങൾ നേടിയതും ഈ കാലഘട്ടത്തിൽ തന്നെ. മറ്റു പല സമുദായങ്ങളിലെയും രാഷ്ട്രീയക്കാർ തങ്ങളുടെ സമുദായത്തോട് പ്രതിബദ്ധത പുലർത്തിയതും ഈ കാലഘട്ടത്തിൽ തന്നെ. സഭയുടെ അംഗസംഖ്യ പോലും കുറച്ചുകാണിക്കുന്ന പ്രസിദ്ധീകരണങ്ങളുമായി ചില മാനേജിംഗ് കമ്മറ്റിയംഗങ്ങളായ രാഷ്ട്രീയക്കാർ രംഗത്തു വന്നതും അതിനു ചൂട്ടുപിടിച്ചുകൊടുത്തത് അന്നത്തെ ചില വർക്കിംഗ് കമ്മറ്റിയംഗങ്ങളും അൽമായട്രസ്റ്റിയുമടങ്ങുന്ന കോക്കസാണെന്നതും സഭക്ക് ലജ്ജിക്കുവാൻ വകനൽകുന്ന സംഭവങ്ങളായിരുന്നു.

പുത്തൻകുരിശു സൊസൈറ്റിയുമായി സഭയെ പങ്കുവയ്ക്കുവാൻ ശ്രമിക്കുന്ന ലോബികളെ പടിക്കു പുറത്തു നിർത്തണം. ട്രോജൻ കുതിരകളെ കണ്ടുപിടിച്ചു തകർത്തില്ലെങ്കിൽ അവർ സഭയെ തകർക്കുന്ന കാലം വിദൂരമല്ല. സ്ഥാനങ്ങളിൽ കാലാകാലങ്ങളായി ചടഞ്ഞുകൂടിയിരിക്കുന്നവരെയും അർഹതയില്ലാത്ത സ്ഥാനങ്ങൾ പിടിച്ചടക്കാനായി ഓടിനടക്കുന്നവരെയും (ഉദാ: അസ്സോസിയേഷൻ സെക്രട്ടറി സ്ഥാനത്തിനായി ചരടുവലികളാരംഭിച്ചിരിക്കുന്ന ചില വൈദികർ) ആദ്യത്തെ കടമ്പകളിൽ തന്നെ തളച്ചിടണം. ദീർഘസംവത്സരങ്ങൾ സ്ഥാനങ്ങളലങ്കരിച്ചവർ പുതുമുഖങ്ങൾക്ക് വഴിമാറിക്കൊടുക്കണം. ഇല്ലെങ്കിൽ അവരെ പിടിച്ചു മാറ്റുക തന്നെ വേണം.

ഏതൊരു രാജ്യത്തിനും (സംഘടനക്കും) അവർ അർഹിക്കുന്ന ഭരണാധികാരികളെ ലഭിക്കും എന്നൊരു തത്വമുണ്ട്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും കഴിവു തെളിയിച്ച മലങ്കര നസ്രാണിക്ക് ഇന്നുള്ളതിലും പതിന്മടങ്ങ് കാര്യക്ഷമമായ നേതൃസ്ഥാനികളെ ലഭിക്കുവാനുള്ള അർഹതയുണ്ട്. കഴിഞ്ഞ അഞ്ചു വർഷം മറക്കപ്പെടേണ്ട കാലഘട്ടമായിത്തീർന്നത് ശരിയായ രീതിയിൽ നസ്രാണി തന്റെ ജന്മാവകാശം വിനിയോഗിക്കാഞ്ഞതുകൊണ്ടാണ്. അന്ത്യോഖ്യാ പാത്രിയർക്കീസിനോടു പോലും മുഖത്തുനോക്കി സാദ്ധ്യമല്ല എന്നു പറയാൻ തന്റേടമുണ്ടായിരുന്ന ഒരു നേതൃത്വം നമുക്കൊരു കാലത്തുണ്ടായിരുന്നു. ആ സ്ഥാനത്ത് സ്തുതിപാഠകരുടെയും സ്വന്തം കാര്യം സിന്ദാബാദുകാരുടെയും അഞ്ചാംപത്തികളുടെയും ഒരു നിര വന്നത് സഭയ്ക്ക് ചരിത്രപരമായി സംഭവിച്ച ഒരു അപഭ്രംശമാണ്. അതു തിരുത്തുവാനുള്ള സുവർണ്ണാവസരമാണ് ഇന്നു കൈവന്നിരിക്കുന്നത്. ഓരോ നസ്രാണിയിലുമുറങ്ങിക്കിടക്കുന്ന സിംഹങ്ങളെ ഉണർത്തുവാനുള്ള സമയം സമാഗതമായിരിക്കുന്നു. സമയത്തെ തക്കത്തിൽ വിനിയോഗിക്കേണ്ട ഘട്ടമാണിത്.

# ഒക്ടോബർ 12-ാം തീയതിയിലെ അസോസിയേഷൻ: മൂന്നു പ്രമുഖരുടെ പ്രകടനം പരിഹാസ്യമായി

**ഒരു അസോസിയേഷൻ മെമ്പർ**

പലതുകൊണ്ടും ശ്രദ്ധേയവും വിജയകരവുമായിരുന്നു ഒക്ടോബർ 12-ാം തീയതിയിലെ തുടർ സമ്മേളന-അസോസിയേഷൻ. സന്തോഷവും അഭിനന്ദനവും അറിയിക്കുന്നു. എന്നാൽ മൂന്നു പ്രമുഖന്മാരുടെ പ്രകടനം പാളിപ്പോയി, പരിഹാസ്യമായി.

ഒന്നാമത്, അസോസ്യേഷൻ സെക്രട്ടറി അലക്സാണ്ടർ കാരയ്ക്കലിന്റെ സ്വാഗത പ്രസംഗം. നിയുക്ത കാതോലിക്കായെ തിരഞ്ഞെടുത്തു കഴിഞ്ഞ ഉടനെ കൂടിയ അനുമോദന സമ്മേളനത്തിന് സ്വാഗതം പറഞ്ഞ പ്രഗത്ഭ പ്രസംഗകൻ കൂടിയായ അലക്സാണ്ടർ കാരയ്ക്കലിന്റെ വാക്കുകൾ ഒത്തിരി പിഴച്ചു. "ടീം മുഴുവനും എത്തി", "ഇപ്പോഴത്തെ മാനേജിംഗ് കമ്മറ്റിക്കും അസോസ്യേഷനും എന്റെ അവസാന സ്വാഗതം" എന്നൊക്കെ പറഞ്ഞുകേട്ടപ്പോൾ അദ്ദേഹം, അല്പം തയാറെടുപ്പു നടത്തി സ്വാഗതം പറഞ്ഞിരുന്നുവെങ്കിൽ എന്ന് ആശിച്ചുപോയി. മാത്രമല്ല, പലർക്കും നൽകിയ വിശേഷണങ്ങൾ അത്ര നിലവാരം പുലർത്തുന്നതായിരുന്നില്ല.

രണ്ടാമത്, വൈദികരുടെ ഗുരുവായ, റ്റി. ജെ. ജോഷ്വാച്ചൻ വചനപ്രഘോഷണത്തിനു മുമ്പു നടത്തിയ ആമുഖ പരാമർശം. അദ്ദേഹം എത്ര വലിയ ആളാണെങ്കിലും, പറഞ്ഞത് എത്ര പ്രസക്തമാണെങ്കിലും അസോസ്യേഷൻ നടക്കുമ്പോൾ സംഘാടകരെ മുഴുവൻ അധിക്ഷേപിച്ചുകൊണ്ട് പറഞ്ഞ കാര്യം ഔചിത്യമില്ലാതെ പറഞ്ഞതിനാൽ സ്വയം ചെറുതായിപ്പോയി.

മൂന്നാമത്, വൈദികട്രസ്റ്റി, ഡോ. ഒ. തോമസച്ചൻ നടത്തിയ കൃതജ്ഞതാ പ്രകടനം. അദ്ദേഹത്തിന് ജനങ്ങളോടുള്ള പ്രതിബദ്ധതയും, വിദ്യാഭ്യാസ കച്ചവടത്തോടുള്ള പ്രതികരണവും അറിയിക്കുവാൻ അതായിരിക്കണമായിരുന്നുവോ വേദി? പ്രത്യേകിച്ച് ആർച്ചുബിഷപ്പ് പൗവ്വത്തിലൊക്കെ വേദിയിലിരിക്കുമ്പോൾ അപ്രകാരം ചില പരാമർശങ്ങൾ വന്നത് നിർഭാഗ്യകരമായി. വൈദിക ട്രസ്റ്റി അത്രത്തോളം വൈകാരികത പ്രകടമാക്കി കൃതജ്ഞത പ്രകടനം നടത്തുവാൻ ശ്രമിക്കുന്നതിലും ഭേദം, ഒരുന്നത നിലവാരത്തോടെ മാന്യതയ്ക്ക് മുൻതൂക്കം കൊടുക്കുന്ന കൃതജ്ഞതാ പ്രസംഗം നടത്തുകയായിരുന്നു. നിയുക്ത ബാവാ മെത്രാനായിരുന്നപ്പോൾ ചെയ്തത് ചിലത് പാളിപ്പോയ കാര്യവും പറയേണ്ടിയിരുന്നില്ല.

# യൂഹാനോൻ മാർ മിലിത്തോസ്...

*(ഒന്നാം പേജിൽ നിന്നും)*

നയിൽ വ്യവസ്ഥ ഇല്ലായെന്ന കാരണത്താൽ അവർ യോഗം നടത്തുകയും ചെയ്തതിനുശേഷം ഇടവകയും ഭദ്രാസനവും തമ്മിൽ നിലനിന്നിരുന്ന ശീതസമരം അവസാനിപ്പിച്ച് ഭദ്രാസനവിഹിതം കുടിശിഖയായിരുന്നത് അടപ്പിച്ച് ക്രമത്തിലാക്കി.

7. കാലംചെയ്ത പരിശുദ്ധ മാത്യൂസ് ദ്വിതീയൻബാവായുടെ അനുസ്മരണസമ്മേളനം ഏറ്റവും അനുഗ്രഹകരമായും ജനപങ്കാളിത്തത്തോടെയും നടത്തി. 8. കോടനാട് ആശ്രമത്തിൽ ഉണ്ടായിരു ന്ന പ്രശ്നം മൂലം പ. ബാവായെ സ്ത്രീകൾ ഉൾപ്പെടെയുള്ള ഇടവകക്കാർ തടയുന്ന അവസ്ഥ വരെ നിലനിന്നിരുന്നത് ഇടവകയ്ക്കും സഭയ്ക്കും സമ്മതമായ വിധത്തിൽ പരിഹരിച്ചു. കോടനാട് മാർ മൽക്കേ ഓർത്ത ഡോക്സ് പള്ളിയെന്ന ഒരു പുതിയ ഇടവക സ്ഥാപിച്ചു. ആശ്രമത്തിന്റെ കാര്യനിർവ്വഹണവും ഭരണവും മലങ്കര മെത്രാപ്പോലീത്തായുടെ കീഴിൽ കൊണ്ടുവരുകയും ചെയ്തു. അവിടെനിന്നും ലഭിക്കുന്ന വരുമാനങ്ങൾ കൃത്യമായ കണക്ക് സൂക്ഷിച്ച് ബാങ്കിൽ നിക്ഷേപിച്ചു. ചുരുങ്ങിയ മാസങ്ങൾ കൊണ്ട് അര ലക്ഷത്തിലധികം രൂപാ വരുമാനമുണ്ടായി.

9. പള്ളിക്കര ആശ്രമത്തിന് പുതിയ മാനേജരെ നിയമിക്കുകയും അത് മലങ്കര മെത്രാപ്പോലീത്തായുടെ ചുമതലയിൽ ആക്കുകയും ചെയ്തു. 10. മലയാറ്റൂരിലും, വടക്കൻ പറവൂരിലും സഭാവകയായിട്ടുള്ള സ്ഥലത്ത് വികസനപ്ര വർത്തനങ്ങൾ നടത്തുന്നതിനുള്ള പ്ലാനും പദ്ധതിയും തയ്യാറാക്കി.

11. തൃക്കുന്നത്തു സെമിനാരിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, പ്ലാനുണ്ടാക്കി പണിയാരംഭിക്കുകയും മെസ്ഹാളിന്റെ മേൽക്കൂര മാറ്റുകയും ചെയ്തു. കക്കൂസ്, കുളിമുറി എന്നിവയുടെ പണി നടന്നുകൊണ്ടിരിക്കുന്നു. 12. തൃക്കുന്നത്തു സെമിനാരി ചാപ്പലിന്റെ ഭരണസമിതി പുനഃസംഘടിപ്പിച്ച് പുതുതലമുറയ്ക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിനുള്ള അവസരം ഉണ്ടാക്കി. 13. വൈദികയോഗങ്ങൾ ക്രമമായി നടത്തുകയും, ആരാധനാകാര്യങ്ങളിൽ ചർച്ചകൾ നടത്തുകയും, അവ ക്രമപ്പെടുത്തുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. 14. കിഴക്കമ്പലം ദയറായുടെ ഭരണം, നേതൃത്വം മുതലായവ ക്രമപ്പെടുത്തി. ഇടുക്കിയിൽ സ്ഥലം വാങ്ങി പുതിയ ബ്രാഞ്ച് ആരംഭിച്ച് കൂദാശ ചെയ്തു. 15. യുവജനപ്രസ്ഥാനത്തിന് മൂന്നു ദിവസത്തെ നേതൃത്വപരിശീലന ക്യാമ്പ് സംഘ ടിപ്പിച്ച് യുവജനങ്ങളെ കൂടുതൽ ക്രിയാത്മക കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിപ്പിച്ചു. 16. ബോംബെ ഭദ്രാസനത്തിൽ നിന്നുള്ള 1200 പരുമല തീർത്ഥാടകർക്ക് ജനപ്രതിനി ധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഉചിതമായ വരവേൽപ്പും സൽക്കാരവും നടത്തി.

17. തൃക്കുന്നത്തു സെമിനാരിയിൽ വലിയതിരുമേനിയുടെ കിടപ്പുമുറി പുനരുദ്ധരിച്ച് തീർത്ഥാടനകേന്ദ്രമാക്കി മാറ്റാൻ സ്പോൺസറെ കണ്ടെത്തി പ്ലാൻ തയ്യാറാക്കി. 18. കാലം ചെയ്ത പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെ പേരിൽ ഒരു എൻ ഡോവ്മെന്റ് ഫണ്ട് രൂപീകരിച്ച് പള്ളികളിൽ നിന്നും തിരുമേനിക്കു ലഭിക്കുന്ന കൈമുത്തുതുക അതിൽ നിക്ഷേപിച്ചു.

19. കൃത്യമായി ആലുവാ അരമനയിൽ വരുകയും, ഭദ്രാസനത്തിലെ ഇടവകകൾ സന്ദർശിക്കുകയും, അവിടങ്ങളിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുവാൻ ശ്രമിച്ചു. 20. മൂന്നു നാലു വൈദികർ ഗ്രൂപ്പ് യോഗം ചേർന്ന് അഭിവന്ദ്യ തിരുമേനിയ്ക്കെതിരെ പരസ്യ പ്രസ്താവനകൾ ഇറക്കിയപ്പോൾ യാതൊരു ശിക്ഷണനടപടിയും എടുക്കാതെ പരിശുദ്ധ കാതോലിക്കാബാവായെ ശരണപ്പെട്ടു.

21. ഡിസംബർ 17-ാം തീയതി ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവായ്ക്കു ആലുവാ ടൗൺഹാളിൽ ഉചിതമായ സ്വീകരണം നൽകുന്നതിനായി പള്ളിചുമതലക്കാരെ വിളിച്ച് വിപുലമായ കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്താ യുവജനപ്രസ്ഥാനം പ്രസിഡന്റ് എന്ന നിലയിൽ കോട്ടയം പഴയ സെമിനാരിക്കടുത്ത് മനോഹരമായ ഓഫീസ് സമുച്ചയം വിലയ്ക്കു വാങ്ങിക്കുന്നതിന് വേണ്ടതായ പണം കണ്ടെത്താൻ, തൃശൂർ തിരുമേനിയുടെ സ്വന്തം പേരിലുള്ള സ്ഥലത്തിന്റെ ആധാരം പണയം വെച്ച് ലോൺ എടുത്തത് ഇവിടെ പ്രത്യേകം പരാമർശിക്കുന്നു. മലങ്കരസഭയെ സ്നേഹിക്കുകയും സഭയുടെ ആരാധന, വിശ്വാസം, ഭരണഘടന എ ന്നിവയോടു നൂറു ശതമാനം കൂറും ആത്മാർത്ഥതയും പ്രകടിപ്പിക്കുന്ന അഭിവന്ദ്യ തിരുമേനിയുടെ ഭരണം ഇനിയും ഈ ഭദ്രാസനത്തിന് ആവശ്യമാണ്. യാക്കോബായക്കാരുടെ കയ്യേറ്റശ്രമങ്ങളെ തടുക്കാൻ കരുത്തുറ്റ നേതൃത്വം ഉണ്ടായേ തീരൂ. ആയതിന് ദൈവം സംഗതിയാകട്ടെ. ❑

ഓഫ് സൈഡ് - ഓഫ് സൈഡ്

## സുറിയാനി ഗാനം കേട്ടാൽ മനസ്സിലാവാത്ത വൈദികൻ

ഒക്ടോബർ 12-ാം തീയതി നടന്ന മലങ്കര അസ്സോസിയേഷൻ സഭാഗായകസംഘം ഡയറക്ടർ ഫാ. എം. പി. ജോർജിന്റെ ഗാനാലാപത്തോടെയാണ് ആരംഭിച്ചത്. അത് സുറിയാനി ഗാനമാണെന്നാണ് അതു കേട്ട എല്ലാവർക്കും മനസ്സിലായത്. എന്നാൽ അസ്സോസിയേഷൻ മെമ്പറായ ഒരു വൈദികൻ സഭാസംബന്ധിയായ ഒരു പ്രസിദ്ധീകരണത്തിലെഴുതി "ഒരു സുറിയാനി ഗാനമായിരുന്നെങ്കിൽ നന്നായിരുന്നേനെ" എന്ന്. നാലു വർഷം സെമിനാരിയിൽ പഠിച്ച ഒരു വൈദികന് സുറിയാനി ഗാനം കേട്ടിട്ട് ഗ്രീക്കിലോ ലത്തീനിലോ മറ്റേതെങ്കിലും ഭാഷയിലോ ഉള്ള ഗാനമാണെന്ന് തോന്നിയോ എന്ന് വ്യക്തമല്ല. വ്യക്തമാകാത്ത ഒന്നു കൂടിയുണ്ട്. പ്രസ്തുത കുറിമാനമെഴുതിയ വൈദികൻ യഥാർത്ഥത്തിൽ അസോസിയേഷൻ യോഗത്തിൽ പങ്കെടുത്തോ, അതോ കേട്ടറിവു വച്ച് എന്തോ തട്ടിമൂളിച്ചതോണോ എന്നത്.

# ആരാധനയിൽ ഗായകസംഘങ്ങളുടെ പങ്കാളിത്തം

**തോമസ് ചാണ്ടി** (അൽമായവേദി ജനറൽ സെക്രട്ടറി)

ഓർത്തഡോക്സ് സഭയിലെ ആരാധനകളിലും കൂദാശകളിലും ഗായകസംഘത്തിന്റെ പങ്കാളിത്തത്തെക്കുറിച്ച് പല ചോദ്യങ്ങളും ഉയർന്നു വന്നിട്ടുണ്ട്. പ്രധാനമായും താഴെ പറയുന്ന ചോദ്യങ്ങളും ആശയങ്ങളുമാണ് പല കേന്ദ്രങ്ങളിൽ നിന്നും ഉന്നയിക്കപ്പെടുന്നത്. അവ ഇപ്രകാരം സമാഹരിക്കാം.

1. ഓർത്തഡോക്സ് സഭയുടെ പാരമ്പര്യം ജനങ്ങളെല്ലാം ആരാധനയിൽ പങ്കെടുക്കുന്നതാണ്. ഗായകസംഘം അല്ലെങ്കിൽ കൊയർ എന്നത് പ്രോട്ടസ്റ്റന്റ് സഭകളിൽ നിന്നും പകർത്തിയതാണ്.

2. ഗായകസംഘങ്ങൾ ആരാധനയിൽ ജനങ്ങളെ വെറും കാഴ്ചക്കാരായി മാറ്റുന്നു. ഗായകസംഘങ്ങളുടെ സംഗീത പാടവം പ്രദർശിപ്പിക്കുവാനുള്ള വേദിയായി വി. കൂദാശകൾ മാറുന്നു.

3. ചില സ്ഥലങ്ങളിൽ പ്രാദേശികമായ കാരണങ്ങളാൽ ഓർത്തഡോക്സ് സഭാംഗങ്ങളല്ലാത്തവർ വിവാഹങ്ങൾക്കും മറ്റും പാടാറുണ്ട്. ആ കൊയറുകൾ കുറഞ്ഞ നിരക്കിൽ തങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കുന്നു. രജിസ്ട്രേഷൻ നടപടികൾ മൂലം അപ്രകാരമുള്ള കൊയറുകളുടെ സേവനം ലഭിക്കാതെ പോകുന്നു.

4. സ്വകാര്യ കൊയറുകൾ പലരുടെയും ജീവിതമാർഗ്ഗമാണ്. ഇപ്പോൾ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ അവരുടെ വരുമാന മാർഗ്ഗങ്ങൾ ഇല്ലാതെയാക്കുന്നു. വിവാഹം മുതലായവ നടത്തുന്നവർക്ക് മറ്റു കൊയറുകളെ വരുത്തുന്നതിലൂടെ ചിലവുകൾ അധികരിക്കുവാനിടയാകുന്നു.

5. ഓർത്തഡോക്സ് സഭാംഗങ്ങളല്ലാത്തവർ കല്യാണങ്ങൾക്കും മറ്റും പാടുന്നതിൽ എന്താണ് തെറ്റ്?

6. ശ്രുതിയിൽ പരിശീലനത്തിനു പോകുന്നത് പലർക്കും ബുദ്ധിമുട്ടുകളുളവാക്കുന്നു.

ഈ കാര്യങ്ങൾ ഓർത്തഡോക്സ് സഭാ ഗായകസംഘത്തിന്റെ ഡയറക്ടർ ഫാ. എം. പി. ജോർജ്, കോ-ഓർഡിനേറ്റർ ഫാ. വർഗ്ഗീസ് ജോർജ് എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഇത് സംബന്ധിച്ച് സഭയുടെ ഔദ്യോഗിക നിലപാട് ആരായുകയും ചെയ്തു. അവയും സഭാംഗങ്ങളുടെ പരിചിന്തന ത്തിനായി സമർപ്പിക്കുന്നു.

1. ഗായകസംഘം എന്ന സങ്കൽപ്പം ഓർത്തഡോക്സ് സഭയുടെ പാരമ്പര്യത്തിൽപെടുന്നതുതന്നെയാണ്. പുരാതനസഭയിൽ മ്സമ്രോനോ പട്ടമുള്ളവർ ഗീതങ്ങൾ ആലപിക്കുവാൻ വേണ്ടി അഭിഷേകം ചെയ്യപ്പെട്ടിരുന്നവരാണ്. എന്നാൽ ഈ പാരമ്പര്യം ഇടക്കാലത്ത് നിന്നുപോയി. ഇപ്പോഴത്തെ നിലയിൽ ഗായകസംഘങ്ങൾ രൂപംകൊള്ളുന്നത് പല ഇടവകകളിലെയും സംഗീതാഭിരുചിയുള്ളവരും ആരാധന കൂടുതൽ ഹൃദ്യമാക്കണമെന്നാഗ്രഹമുള്ളവരുമായ ജനങ്ങൾ മുൻകയ്യെടുത്തതിന്റെ ഫലമായിട്ടാണ്. ഒരുപക്ഷേ ഇപ്രകാരം ഗായകസംഘങ്ങൾ പുനരാരംഭിക്കുവാൻ മുൻകയ്യെടുത്തവർ ഇതര സഭകളിൽ ആരാധന കൂടുതൽ ആസ്വാദ്യകരമാക്കുവാൻ സഹായിക്കുന്ന ഗായകസംഘങ്ങളുടെ സംഭാവന മനസ്സിലാക്കിയതാവാം. ഈ ആശയം ഉടലെടുത്തതും ഇടവക തലങ്ങളിലാണ്. അത് സഭാപാരമ്പര്യങ്ങൾക്കനുരൂപമായതിനാൽ സഭാനേതൃത്വം ഇതിന് അംഗീകാരം നൽകുകയും ക്രമമായി നടക്കുവാനുള്ള സംവിധാനവും നിയമങ്ങളുമെല്ലാം രൂപീകരിക്കുകയുമാണുണ്ടായത്. ഓർത്തഡോക്സ് പാരമ്പര്യങ്ങൾക്കു വിരുദ്ധമായവ കടന്നു കൂടാതിരിക്കുവാനും നമ്മുടെ വിശ്വാസങ്ങൾക്കും പാരമ്പര്യത്തിനും യോജിക്കുന്ന രീതിയിൽ ഈ പ്രസ്ഥാനത്തെ നിലനിർത്തുവാനുമാണ് ഇപ്പോൾ ഓർത്തഡോക്സ് സഭാഗായകസംഘം എന്ന സംഘടനയ്ക്ക് പ. കാതോലിക്കാ ബാവായുടെ കല്പന നമ്പർ 112/2006- ൽ കൂടി രൂപം നൽകിയത്. ഈ സംഘടനയുടെ അദ്ധ്യക്ഷസ്ഥാനവും പ. ബാവാ തിരുമേനി തന്നെ വഹിക്കുന്നതിൽ നിന്നും സഭ ഈ സംഘടനയ്ക്കു നൽകുന്ന പ്രാധാന്യം വ്യക്തമാകുമല്ലോ.

2. ഗായകസംഘങ്ങളുടെ ഉദ്ദേശ്യം ആരാധനയിലെ പ്രതിവാക്യങ്ങളും ജനം ഒന്നായി ആലപിക്കേണ്ട ഗാനങ്ങളുടെയും കുത്തക ഏറ്റെടുക്കുക എന്നതല്ല. സഭയിലൊട്ടാകെ അംഗീകൃതവും ശരിയായതുമായ രാഗങ്ങളിൽ ഗീതങ്ങൾ ആലപിക്കുവാൻ വിശ്വാസികൾക്ക് നേതൃത്വം നൽകുക എന്നതാണ് ഗായകസംഘത്തിന്റെ ചുമതല. ആരാധന ചിട്ടയായും ക്രമമായും എല്ലാ വിശ്വാസികളുടെയും പങ്കാളിത്തത്തോടെയും നടത്തുക എന്ന ലക്ഷ്യം സാധിക്കണമെങ്കിൽ അതിന് നേതൃത്വം നൽകുവാൻ പരിശീലനം ലഭിച്ചവരും അർപ്പണബോധമുള്ളവരുമായ ഒരു സംഘം ഉണ്ടാകണം. ഈ ലക്ഷ്യത്തിലാണ് ഇപ്പോൾ സഭാതലത്തിലും ഇടവകതലത്തിലും ഈ സംഘടനയ്ക്ക് രൂപംനൽകിയിരിക്കുന്നത്. സഭ അംഗീകരിച്ച ശരിയായ സുറിയാനി രാഗങ്ങളിൽ മാത്രമേ ഗായകസംഘങ്ങൾക്ക് പാടുവാൻ അനുവാദമുള്ളു. സ്വന്തമായി രാഗങ്ങളുണ്ടാക്കുവാനോ അംഗീകൃതരാഗങ്ങളിൽ ഭേദഗതി വരുത്തുവാനോ ഗായകസംഘങ്ങൾക്ക് അനുവാദമില്ല.

3. വിവാഹം മുതലായ കൂദാശകളിൽ ഗായകസംഘത്തിനുള്ള നേതൃത്വപരമായ പങ്കു വഹിക്കുവാൻ ഓർത്തഡോക്സ് വിശ്വാസികളല്ലാത്തവർക്ക് അനുവാദമില്ല. കൂദാശകളല്ലാത്ത ചടങ്ങുകളിലും മറ്റും ഇതരവിശ്വാസികളെ പങ്കെടുപ്പിക്കുന്നത് വിലക്കുന്നില്ല. കൂദാശകളിലെ ഭാഗാഭാഗിത്തം വിശ്വാസികളല്ലാത്തവർക്ക് അനുവദിക്കുന്നതെങ്ങിനെ? സാമ്പത്തിക ലാഭമുണ്ടാക്കുവാൻ വേണ്ടി വിശ്വാസപരമായ കാര്യങ്ങളിൽ തെറ്റായ നടപടികൾ വേണമെന്ന് യഥാർത്ഥ വിശ്വാസിക്ക് ചിന്തിക്കാനാവില്ല.

4. സ്വകാര്യ കൊയറുകൾക്ക് അംഗീകാരം വ്യവസ്ഥകൾക്കു വിധേയമായി അനുവദിക്കുന്നുണ്ട്. ശരിയായ പരിശീലനമില്ലാതെയും ആരാധനയുടെ ചിട്ടകൾ പാലിക്കാത്തതു മൂലവും പലപ്പോഴും കാർമ്മികരും സ്വകാര്യ കൊയറുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ടാകാറുണ്ട്. അംഗീകാരത്തിന്റെ ഭാഗമായി രാഗങ്ങളിലും ചിട്ടകളിലുമെല്ലാം ഐകരൂപ്യം വരുന്നതോടെ ഇത്തരം അസുഖകരമായ സംഭവങ്ങൾ ഒഴിവാക്കാൻ സാധിക്കും. അല്പം ചില അധിക ചിലവുകൾ ഉണ്ടായാൽ തന്നെ അത് കൂദാശയുടെ സുഗമവും ഭംഗിയുമുള്ള നടത്തിപ്പിന് കൊടുക്കുന്ന ചെറിയ വിലയായി കണക്കാക്കുകയാണ് വേണ്ടത്. അല്പം പണം ലഭിക്കുവാൻ കൂദാശകളെ വികലമാക്കുന്നത് യഥാർത്ഥ വിശ്വാസികൾക്ക് സ്വീകാര്യമാവില്ല.

5. വിവാഹം ഒരു കൂദാശയാണ്. അതിൽ വിശ്വാസികൾക്കു മാത്രമേ ഭാഗഭാക്കാകുവാൻ അനുവാദമുള്ളൂ: ഇതര വിശ്വാസികൾ വിവാഹചടങ്ങിൽ കാഴ്ചക്കാരായി സംബന്ധിക്കുന്നതും ഗായകസംഘം എന്ന നിലയിൽ അവയിൽ പങ്കാളികളാകുന്നതും രണ്ടു കാര്യങ്ങളാണ്. വിശ്വാസികളല്ലാത്തവർ ഗായകസംഘത്തിൽ ഉൾപ്പെടുന്നതു വഴി കൂദാശയിൽ പങ്കാളിയാവുകയാണ്. യഥാർത്ഥ വിശ്വാസമില്ലാത്തവരെ കൂദാശകളിൽ പങ്കാളികളാക്കുവാൻ അനുവദിക്കുവാൻ പാടില്ല.

6. സ്വകാര്യ ഗായകസംഘങ്ങൾക്ക് എല്ലാ മാസവും രണ്ടാമത്തെ ശനിയാഴ്ചകളിലാണ് പരിശീലനം നൽകുന്നത്. അപ്രകാരമുള്ള നാലു പരിശീലന ക്ലാസുകളാണ് സ്വകാര്യ കൊയറുകൾ പൂർത്തിയാക്കേണ്ടത്. കുറഞ്ഞത് മൂന്നു പരിശീലനക്ലാസ്സിൽ സംബന്ധിച്ചാൽ മാത്രമേ അംഗീകാരം ലഭിക്കുകയുള്ളൂ. ഈ പരിശീലനം സ്വകാര്യ കൊയറുകളുടെ നിലവാരം മെച്ചപ്പെടുത്തുവാനും രാഗങ്ങളിലും മറ്റും ഐകരൂപ്യം വരുത്തുവാനും വേണ്ടിയാണ്. ഓർത്തഡോക്സ് സഭാ ഗായകസംഘം രൂപീകരിച്ചിരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ സാധിതമാകണമെങ്കിൽ ഇപ്രകാരം പരിശീലനവും അതിലൂടെ ഐകരൂപ്യവും ഉണ്ടായേ പറ്റൂ. ഒരു വലിയ ലക്ഷ്യം സാധിക്കുന്നതിന് അല്പം ചില അസൗകര്യങ്ങൾ സഹിച്ചേ പറ്റൂ.

ഇതുവരെ 100 പള്ളികളിലെ ഗായകസംഘങ്ങളും 75 സ്വകാര്യ കൊയറുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രൈവറ്റ് കൊയറുകൾക്ക് ഒരു വർഷത്തേക്കുള്ള താൽക്കാലിക രജിസ്ട്രേഷനാണ് നൽകിയിരിക്കുന്നത്. ഒരു വർഷത്തെ പ്രവർത്തനം തൃപ്തികരമായാൽ രജിസ്ട്രേഷൻ പുതുക്കി നൽകും.

ഇതര ഓറിയന്റൽ ഓർത്തഡോക്സ് സഭകളിലും ഗായകസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നതിനാൽ ഇത് ഓർത്തഡോക്സ് പാരമ്പര്യത്തിന്റെ ഭാഗമാണെന്ന് വ്യക്തമാണല്ലോ. ❑

**അൽമായവേദി**

**വാർഷിക വരിസംഖ്യ: 100 രൂപ (ഇന്ത്യയിൽ)**

വിലാസം: **AKHILA MALANKARA ORTHODOX ALMAYA VEDI, Post Box No. 652, Kottayam 686 001**

# അൽമായവേദി പ്രസിദ്ധീകരണവിഭാഗം പ. കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്തു

അൽമായവേദിയുടെ പ്രസിദ്ധീകരണവിഭാഗമായ അൽമായവേദി പബ്ലിക്കേഷൻസിന്റെ ഉദ്ഘാടനവും ആദ്യത്തെ പുസ്തകത്തിന്റെ പ്രകാശനവും പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ നിർവഹിച്ചു. ദേവലോകം അരമനയിൽ നടന്ന ലളിതമായ ചടങ്ങിൽ അൽമായവേദി സെക്രട്ടറിയേറ്റ് അംഗങ്ങളും ദേവലോകം അരമന മാനേജർ ഫാ. കെ. സഖറിയാ തുടങ്ങിയവരും സംബന്ധിച്ചു.

അൽമായവേദി പബ്ലിക്കേഷൻസിന്റെ ആദ്യപുസ്തകമായ *നസ്രാണി പഠനങ്ങൾ* (ഭാഗം 1) ആണ് പ. ബാവാ തിരുമേനി പ്രകാശിപ്പിച്ചത്. ആദ്യത്തെ കോപ്പി ബാവാ തിരുമനസ്സിൽ നിന്നും ശ്രീ. ജേക്കബ് കുര്യൻ മൈലാങ്കൽ സ്വീകരിച്ചു. അൽമായവേദിയുടെ പുതിയ സംരംഭത്തിൽ പ. ബാവാ സന്തുഷ്ടി പ്രകടിപ്പിക്കുകയും സംരംഭത്തെയും അൽമായവേദി പ്രവർത്തകരെ ഓരോരുത്തരേയും വ്യക്തിപരമായി അനുഗ്രഹിക്കുകയും ചെയ്തു. കൂടുതൽ പുസ്തകങ്ങൾ ആവശ്യമായ ഗവേഷണപഠനങ്ങളോടെ പ്രസിദ്ധീകരിക്കുവാൻ വേദി പ്രവർത്തകരെ ബാവാ തിരുമേനി പ്രബോധിപ്പിച്ചു.

*നസ്രാണി പഠനങ്ങൾ* (ഭാഗം 1) ന്റെ ഗ്രന്ഥകർത്താവ് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ സെക്രട്ടറിയേറ്റ് മെമ്പറും മുൻനിര നേതാക്കളിലൊരാളുമായ എം. കുര്യൻ തോമസാണ്. അദ്ദേഹം വിവിധ സഭാ സംബന്ധിയായ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ് *നസ്രാണി പഠനങ്ങൾ.* ഈ ഗ്രന്ഥത്തിന്റെ മറ്റു ഭാഗങ്ങളും ഉടൻതന്നെ അൽമായവേദി പ്രസിദ്ധീകരിക്കും. മറ്റു പല ഗൗരവമേറിയ പഠനങ്ങളും പണിപ്പുരയിലാണ്.

ചടങ്ങിൽ ഫീലിപ്പോസ് പൊട്ടയ്ക്കാവയലിൽ സ്വാഗതവും ജനറൽ സെക്രട്ടറി തോമസ് ചാണ്ടി കൃതജ്ഞതയും പ്രകാശിപ്പിച്ചു.

# നനഞ്ഞിടം കുഴിക്കാതിരിക്കുക

**മത്തായി കുര്യൻ**

അടുത്ത കാലത്ത് ചങ്ങനാശ്ശേരിയിലെ ഒരു ഇബ്രാഹിംസ് ഇന്നിൽ നിന്നും തിരുവനന്തപുരത്തെ പ്രഫ: ജോഷ്വാ സാറിന്റെ അത്മായ അസ്സോസിയേഷന്റെ പേരിൽ സമുദായത്തിലെ സ്ഥിരം സ്ഥാനികളായ ഇത്തിക്കണ്ണികളെ പ്രീണിപ്പിക്കാൻ അവരുടെ ആശ്രിതവത്സലൻ മനനം ചെയ്തിറക്കിയ വാറോല പോസ്റ്റിൽ കിട്ടി.

പ്രതികരണയോഗ്യത ഉള്ളതല്ല. കാരണം മാത്യൂസ് ദ്വിതീയൻ ബാവായെ ചുറ്റിപ്പിടിച്ച നീരാളികളെ വിശ്വാസികൾ തിരിച്ചറിഞ്ഞു തുടങ്ങി എന്നു ബോധ്യപ്പെട്ടപ്പോൾ കടലാസിനും, മഷിക്കും, പണത്തിനും പ്രയാസമില്ലാത്ത പിണിയാളന്മാർ യജമാന സ്നേഹം കാട്ടുന്നതിൽ തെറ്റില്ല. പക്ഷേ അത് സ്വന്ത പേരിലും അഡ്രസ്സിലുമാണെങ്കിൽ അന്തസ്സുണ്ട്.

1995-ലെ സുപ്രീംകോടതി വിധിക്കു ശേഷം ഉപദേശകരും, നടത്തിപ്പുകാരുമായി നടന്നവർ വിധി നടത്താതിരുന്നത് തങ്ങളുടെ രാഷ്ട്രീയ വ്യവസായ, മാധ്യമ മേഖലയ്ക്ക് പ്രശ്നം ഉണ്ടാകും എന്ന് ധരിച്ചതിനാലാണ്. ആയതിന് പ. ബാവായെ കൊണ്ട് തോമ്മാശ്ലീഹായുടെ സിംഹാസനം ഉപേക്ഷിച്ച് കല്പന ഇറക്കിച്ചു. മണർകാട് മാർച്ചിലൂടെ പ. പിതാവിന്റെ ഇറച്ചിയ്ക്കു വിലയിടീച്ചു. മലങ്കര വറുഗ്ഗീസിനെ വധിച്ചവരെ വെളിച്ചത്തെത്തിച്ചില്ല. പാത്രിയർക്കീസിനെ നിയമവിരുദ്ധമായി വരുത്തി പള്ളികളിൽ കയറ്റി. അവരുടെ സ്റ്റേജുകൾ പങ്കിട്ട് അനുഗ്രഹം വാങ്ങി വാർത്താ പ്രാധാന്യം നൽകി സംരക്ഷിച്ചു. പൂട്ടിക്കിടന്ന പള്ളികൾ പോലീസിനെ ഉപയോഗിച്ച് താഴ് അറുത്ത് സംയുക്തം എല്ല ലേബലിൽ തുറന്ന് വിഘടിതരെ ഏല്പിച്ചു. തുറന്നവ പൂട്ടി. നിരോധനമുള്ള ശ്രേഷ്ഠന് യഥേഷ്ടം പള്ളിപ്രവേശനം അനുവദിച്ചതും യു. ഡി. എഫ്. ഗവൺമെന്റ് തന്നെ. ഇത്തരം കാര്യങ്ങൾ കണ്ടു പൊറുതിമുട്ടിയ സാധാരണ വിശ്വാസികൾ സംഘടി ക്കുന്നതും പ്രതികരിക്കുന്നതും തങ്ങളുടെ പ്രതിഛായയ്ക്ക് മങ്ങലേല്പിക്കുന്നു എന്ന സങ്കല്പത്തിന്റെ പരിണിതഫലമാണ് ചങ്ങനാശേരിയിൽ നിന്നുള്ള ഈ വാറോല.

പ്രബലന്മാരായ വ്യവസായ, രാഷ്ട്രീയ, മാധ്യമ പ്രവർത്തകരുടെ കീഴിൽ ജീവിക്കുന്നവർക്ക് അവരോട് പ്രതിബദ്ധത വേണം. പക്ഷേ നമ്മുടെ പിതൃക്കളെ ക്രിസ്തുവിൽ ജനിപ്പിച്ച മാർത്തോമ്മാശ്ലീഹായുടെ സഭയുടെ മാറിൽ മാന്തി വ്രണം ഉണ്ടാക്കി ഭൗതിക നേട്ടങ്ങളുണ്ടാക്കുന്ന വമ്പൻ പിശാചുക്കളെ മനസ്സിലാക്കിയാൽ സഭ നശിക്കാതിരിക്കും. നമ്മുടെ ഓരോരുത്തരുടേയും ചില്ലിക്കാശുകൾ കൂട്ടി കോടികൾ തുലച്ച് കേസു നടത്തുന്നതിന്റെ കണക്കുകൾ എഴുതുന്നവരും പാസ്സാക്കുന്നവരും പറയുമോ, കേസിന്റെ പണവും വണ്ടിക്കൂലിയും അവരുടേതാണെന്ന്. ദേവലോകവും മനോരമയുടേയും എല്ലാം ഉത്ഭവങ്ങൾ സഭാവിശ്വാസികൾക്കറിയാം. പ. മാത്യൂസ് ദ്വിതീയൻ ബാവാ അന്ത്യകാലത്തു കല്പിച്ചു, ഞാൻ വിശ്വസിച്ചവർ എന്നെയും എന്റെ സഭയേയും വഞ്ചിച്ചു എന്ന്. ആ പിതാവ് വിശ്വസിച്ചവർ ആരൊക്കെ എന്ന് വിശദീകരിക്കാമോ?

സഭയ്ക്ക് രാഷ്ട്രീയമില്ല. അതുകൊണ്ടാണല്ലോ തെക്കൻ പ്രദേശത്ത് യു. ഡി. എഫ്. ന് ഓർത്തഡോക്സ് സ്ഥാനാർത്ഥികൾ ഇല്ലാതെ പോകുന്നത്. വടക്കൻ പ്രദേശത്ത് സഭാ തീവ്രവാദികളെ പരിരക്ഷിച്ച യു. ഡി. എഫ്. നയം അവിടെ ന്യൂനപക്ഷമായ ഓർത്തഡോക്സുകാരെ പ്രകോപിച്ചതു മൂലം യു. ഡി. എഫിലെ പ്രബലന്മാരായ വിഘടിതർ പരാജയപ്പെടുകയും എൽ. ഡി. എഫിലെ ഓർത്തഡോക്സുകാർ ജയിക്കുകയും ചെയ്തു. അതുകൊണ്ട് ആ പ്രദേശത്തെ തിരുമേനിമാർ എൽ. ഡി. എഫ് ആണെന്നു പ്രചരിപ്പിക്കുന്നത് രാഷ്ട്രീയ തന്ത്രമാണ്. ഏതു കാലത്തും സഭാസമ്മേളനങ്ങളിൽ അതാതു കാലത്തെ മന്ത്രിമാരെ ക്ഷണിക്കും. പക്ഷേ ഇപ്പോഴത്തെ പ്രതിപക്ഷ നേതാവിന് പരുമലയേക്കാൾ, താല്പര്യം കൂടുതൽ പുത്തൻകുരിശിനോടാണ്. കാരണം തീവ്രതയുള്ള വിഭാഗത്തെ സംരക്ഷിക്കുക എന്നത് രാഷ്ട്രീയ നിലനിൽപ്പിന് ആവശ്യവുമാണ്. ബി. ജെ. പി. മന്ത്രിമാർ പങ്കടുത്ത സഭായോഗങ്ങളും ഉണ്ടായിട്ടുണ്ട്.

രാഷ്ട്രീയ ഭാവിയെ കരുതി ഡോ. പി. സി. അലക്സാണ്ടർ എന്ന ഇന്ദിരാഗാന്ധിയുടെ ഉപദേഷ്ടാവിന്റെ രാഷ്ട്രപതി സ്ഥാനലബ്ധി വരെ തടഞ്ഞവർ നമ്മുടെ രാഷ്ട്രീയത്തിലില്ലേ. അതു രാഷ്ട്രീയം. സഭ പ്രതികരിച്ചിട്ടില്ല. പക്ഷേ സഭയെ ഉപയോഗിച്ച്, രാഷ്ട്രീയ വ്യവസായ ലാഭം ഉണ്ടാക്കാനുള്ള ശ്രമമാണ് സഭാപ്രശ്നം എന്ന് വിശ്വാസികൾ മനസ്സിലാക്കണം.

**അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?**

**1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായ വേദിയേയും' ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർ ത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക.**

**4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.**

## ബഹുമാനപ്പെട്ട ഇടുക്കി ജില്ലാ കളക്ടറുടെ അറിവിലേക്ക് കത്തിപ്പാറത്തടം സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനിപ്പള്ളി വികാരി ഫാദർ കെ. കെ. വർഗീസ് ബോധിപ്പിക്കുന്നത്

സർ, തർക്കം നിലനിൽക്കുന്ന കത്തിപ്പാറത്തടം പള്ളിയെ സംബന്ധിച്ച് എനിക്ക് ബോധിപ്പിക്കുവാനുള്ള സംഗതികൾ:-

1. കത്തിപ്പാറത്തടം പള്ളി സ്ഥാപിത കാലം മുതൽ മലങ്കരസഭയിലെ ദേവാലയമാണ്.

2. മലങ്കരസഭയിലെ കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താമാരാണ് കാലാകാലങ്ങളിൽ ഇവിടെ വൈദീകരെ നിയമിച്ചിട്ടുള്ളതും ഭരണകാര്യങ്ങൾ നിർവഹിച്ചിട്ടുള്ളതും.

3. ഇപ്പോഴത്തെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ് ചുമതലയേറ്റകാലം (1990) മുതൽ അദ്ദേഹമാണ് ഇവിടെ വികാരിമാരെ നിയമിച്ചിട്ടുള്ളതും ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ ഭരണകാര്യങ്ങൾ നിർവഹിച്ചിട്ടുള്ളതും.

4. 1995 ലെ സുപ്രീംകോടതി വിധി പ്രകാരം മലങ്കരസഭയിലെ എല്ലാ പള്ളികൾക്കും വ്യക്തികൾക്കും 1934 ലെ സഭാഭരണഘടന ബാധകമാണ്.

5. 1995 ലെ സുപ്രീംകോടതിയുടെ വിധിയുടെ നിർദ്ദേശാനുസരണം 1934 ലെ സഭാഭരണഘടന ടി. മെത്രാപ്പോലീത്താ അംഗീകരിച്ചിട്ടുള്ളതാണ്.

6. സഭാഭരണഘടന അംഗീകരിച്ചതിനു ശേഷവും കഴിഞ്ഞ 10 വർഷമായി ഇദ്ദേഹം തന്നെയാണ് ടി. പള്ളിയുടെ ഭരണകാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

7. ഈ കാലയളവിലെല്ലാം ഇടവക അംഗങ്ങൾ പൂർണ്ണമായി അദ്ദേഹത്തിന്റെ നിലപാടിനെ പിന്തുണച്ചിട്ടുള്ളവരാണ്. ആരും അതിനെ ചോദ്യം ചെയ്തിട്ടില്ലാത്തതാകുന്നു.

8. കത്തിപ്പാറത്തടം ഇടവകയിലെ ബഹുഭൂരിപക്ഷം ആളുകളും ഇടവക മെത്രാപ്പോലീത്തായെയും വികാരിയായ എന്നെയും അംഗീകരിക്കുന്നവരാണ്.

9. 25-06-2006 ൽ ഇടവക മെത്രാപ്പോലീത്താ പള്ളിയിൽ എത്തി വിശുദ്ധ ബലി അർപ്പിക്കുകയും പള്ളി പുതുക്കി പണിയുന്നതിനായി ശിലാസ്ഥാപനം നിർവഹിക്കുകയും ചെയ്തപ്പോൾ രണ്ടോ മൂന്നോ പേർ ഒഴികെ മറ്റെല്ലാവരും അതിൽ സഹകരിച്ചവരാണ്.

10. സുപ്രീംകോടതിയോട് വിയോജിപ്പ് പുലർത്തിയ മലങ്കരസഭയിലെ ഒരു വിഭാഗം 2002-ൽ സഭയിൽ നിന്നും മാറി ഒരു പുതിയ സഭയ്ക്ക് രൂപം കൊടുക്കുകയും (യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ) പുതിയ സംവിധാനങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ കത്തിപ്പാറത്തടം ഇടവകാംഗങ്ങൾ ആരും ഇതുവരെ ടി. സഭയിൽ അംഗമായി ചേർന്നിട്ടുള്ളതായി ഔദ്യോഗികമായി യാതൊരറിയിപ്പും പള്ളി വികാരിയായ എനിക്ക് നാളിതുവരെ ലഭിച്ചിട്ടില്ലാത്തതാണ്.

11. ഏതൊരു വ്യക്തിക്കും അവരവരുടെ ഇഷ്ടാനുസരണം ഏതൊരു സഭയിലും അംഗമായിരിക്കുവാൻ ഇന്ത്യൻ പൗരൻ എന്ന നിലയിൽ സ്വാതന്ത്ര്യമുണ്ട്. പക്ഷേ നിലവിൽ അംഗമായിരിക്കുന്ന സഭയിൽനിന്ന് മാറി മറ്റൊരു സഭയിൽ അംഗമാകുന്നതോടെ നിലവിലുണ്ടായിരുന്ന സഭയിലെ അംഗമെന്ന നിലയിലുള്ള എല്ലാ അവകാശങ്ങളും ഇല്ലാതാവുകയാണ്.

12. കത്തിപ്പാറത്തടം പള്ളി ഇടവകാംഗങ്ങളായവർ ആ പള്ളി സ്ഥാപിതമായിരിക്കുന്ന മലങ്കരസഭയിൽ നിന്നും മാറി പുതിയ സഭയിൽ ചേർന്നു എന്ന് പറയുമ്പോൾ തന്നെ അവർക്ക് ടി. പള്ളിയിലുള്ള അവകാശം നഷ്ടപ്പെട്ടിരിക്കുകയാണ്.

13. കത്തിപ്പാറത്തടം പള്ളി സ്ഥാപിച്ച ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവാ "മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭ"യിലെ കാതോലിക്കായായിരുന്നു (ഇദ്ദേഹത്തിന്റെ ലെറ്റർ ഹെഡ്ഡിൽ "പൗരസ്ത്യ കാതോലിക്കാ" എന്നും, മുദ്രയിൽ "മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭ" എന്നും രേഖപ്പെടുത്തിയിരുന്നു). ഈ പള്ളിയുടെ സ്ഥാപനകാലം മുതൽ ഉപയോഗത്തിൽ ഇരിക്കുന്ന മാമോദീസാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ, ശവസംസ്കാര രജിസ്റ്റർ മുതലായവയിൽ പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. യാക്കോബായസുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കാ തോമസ് പ്രഥമൻ ബാവാ, ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവായുടെ പിൻഗാമിയാണ് എന്ന അവകാശവാദം തെറ്റിദ്ധാരണാജനകമാണ്.

സർ, ക്രിമിനൽ പശ്ചാത്തലമുള്ള ഏതാനും ആളുകളാണ് ഈ പള്ളിയിൽ പ്രശ്നങ്ങൾക്ക് തുടക്കമിട്ടത്. തക്കസമയത്ത് ബന്ധപ്പെട്ട അധികാരികൾ കർശനമായ നിലപാട് എടുത്തിരുന്നുവെങ്കിൽ പ്രശ്നങ്ങൾ രൂക്ഷമാകുമായിരുന്നില്ല. കഴിഞ്ഞ രണ്ട് ഞായറാഴ്ചകളിൽ തന്നെ അങ്ങ് ഇടപെടുകയും സ്റ്റാറ്റസ്കോ നിലനിർത്തുവാൻ കർശനമായി നിർദ്ദേശിക്കുകയും ചെയ്തപ്പോൾ പള്ളിയിൽ യാതൊരു പ്രശ്നങ്ങളും ഉണ്ടായില്ല എന്നത് സ്പഷ്ടമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ വൈദീകരോ ജനങ്ങളോ പള്ളികളിലെ തർക്കങ്ങളിൽ അക്രമത്തിന്റെയോ കൈയേറ്റത്തിന്റെയോ മാർഗ്ഗം സ്വീകരിച്ചിട്ടില്ല എന്നത് വസ്തുതയാണ്. എന്നാൽ കഴിഞ്ഞ കാലങ്ങളിലൊന്നും പറഞ്ഞുകേട്ടിട്ടില്ലാത്ത പുതിയ സഭാനേതാക്കൾ ഇടവകയിലെ ഏതാനും ചിലരെ കൂട്ടുപിടിച്ച് അക്രമത്തിന് നേതൃത്വം നൽകുകയും രാത്രിയിൽ പള്ളി കുത്തിപ്പൊളിച്ച് അകത്തു കയറുകയും ചെയ്തപ്പോൾ അവർക്കെതിരെ ശക്തമായ നടപടി എടുക്കുവാൻ തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്.

കേരളത്തിൽ പല ഭാഗങ്ങളിലും പള്ളികളിൽ സഭാതർക്കം നിലനിൽക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. ഈ പശ്ചാത്തലത്തിൽ ഇപ്പോഴത്തെ സർക്കാരുമായി ബന്ധപ്പെട്ടപ്പോൾ സഭാതർക്കത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല എന്നും തീരുമാനം ഉണ്ടാകുന്നതുവരേക്ക് നിലവിലുള്ള സ്ഥിതി തുടരും എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കത്തിപ്പാറത്തടം പള്ളിയിൽ നിലവിലുള്ള സ്ഥിതി തുടരുന്നതിനും വികാരിക്കും ഭരണസമിതിക്കും പള്ളിയുടെ ആത്മീയവും വികസനപരവുമായ കാര്യങ്ങളിൽ പ്രവർത്തിക്കുന്നതിനും ആവശ്യമായ ക്രമീകരണം അങ്ങയുടെ സമക്ഷത്തുനിന്നും ഉണ്ടാകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

എന്ന്, **ഫാദർ കെ. കെ. വർഗീസ്**
(വികാരി)

# അച്ചനും കൊച്ചനും (ഭാഗം 10)

**മാത്തുക്കുട്ടിച്ചായൻ**

**(പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വൈദികനും 'കേഫ'യിലെ അംഗമായ ഒരു കുട്ടിയുമായുള്ള നർമ്മ സംഭാഷണം)**

കൊച്ചൻ: അച്ചോ! മാർപാപ്പാ തിരുമേനി പറയുന്നത് തോമ്മാശ്ലീഹാ കേരളത്തിൽ വന്നില്ല എന്നാണല്ലോ?

അച്ചൻ: നമ്മുടെ പാത്രിക്കീസു ബാവാ 1970-ൽ 203-ാം നമ്പറിൽ പറഞ്ഞത് തോമ്മാശ്ലീഹാ കപ്പിയാരുപോലും അല്ലാ എന്നാണ്. ഒരു കപ്പിയാരു പോലുമല്ലാത്തയാൾ വന്നു പോയാൽ ആരറിയാനാ.

കൊച്ചൻ: ദേവലോകംകാരാ തോമ്മായ്ക്ക് സിംഹാസനമുണ്ടെന്നു പറയുന്നത്. പക്ഷേ, അവരിൽ വിവരവും, പ്രായവും, സഭയെ ചെറുപ്പം മുതൽ സേവിക്കുന്നവരും കൂടി മാത്യൂസ് ദ്വിതീയൻ ബാവായെ കൊണ്ട് സിംഹാസനം ഇല്ലാതെ കല്പനയിറക്കിച്ചത് അച്ചൻ ഓർക്കുന്നില്ലേ?

അച്ചൻ: നമ്മുടെ ബാവായ്ക്ക് സിംഹാസനം വേണമെന്നോ മേൽസ്ഥാനി ആകണമെന്നോ ഇല്ല. തറയിലാണെങ്കിൽ ഏറ്റവും ഇഷ്ടം. വഴിയിലായാലും പ്രശ്നമില്ല.

കൊച്ചൻ: രീത്തിലെ ബാവാ പറയുന്നത് വട്ടശ്ശേരിൽ തിരുമേനിയും, പൗലൂസ് പ്രഥമൻ ബാവായും, ഗീവർഗ്ഗീസ് പ്രഥമനും അദ്ദേഹത്തിന്റെ മുൻഗാമികളെന്നാണല്ലോ?

അച്ചൻ: മഹാത്മജിയുടെയും, നെഹ്റുവിന്റെയും, ഇന്ദിരാഗാന്ധിയുടെയും യഥാർത്ഥ പിൻഗാമികളും കോൺഗ്രസും കരുണാകർജിയും മുരളിയുമാണെന്നല്ലേ അവർ പറയുന്നത്.

കൊച്ചൻ: കേരളത്തിലെ കോൺഗ്രസിന്റെ ലീഡറും റാവു ഗവൺമെന്റിന്റെ കിംഗ് മേക്കറും കരുണാകരനാണെന്നല്ലേ മനോരമ പോലും അന്ന് എഴുതിയത്.

അച്ചൻ: ശരിയാണ്. ഇപ്പോൾ പുത്രവാത്സല്യം മൂത്ത് മുരളിയെ രക്ഷിക്കാൻ പാർട്ടിയെ തള്ളി.

കൊച്ചൻ: എന്തിനാ രാഷ്ട്രീയക്കാരെ പറയുന്നത്. സഭയുടെ ഉന്നത സ്ഥാനികളായി ചെറുപ്പം മുതൽ സഭയെ സേവിച്ചവരെ വിശ്വാസികൾ ആദരിച്ചില്ലേ. പ്രായമായപ്പോൾ പിള്ളാരേ ഓർത്തപ്പോൾ സഭയല്ല പ്രശ്നം. പത്തു പത്രം കൂടുതൽ വിൽക്കണം. കരുണാകരൻ കോൺഗ്രസിൽ പ്രശ്നമുണ്ടാക്കിയതുപോലെ സഭയിലും ഉണ്ടാകുന്നു. സഭയും രാഷ്ട്രീയ പാർട്ടികളും നേതാക്കൾക്കായി പിളർത്തുന്നു. അവരവരുടെ പ്രസ്ഥാനങ്ങൾ വളരുന്നു. ചിലർ തളരുന്നു.

അച്ചൻ: അതുകൊണ്ടല്ലേ രാഷ്ട്രീയ, മാധ്യമ ബിനാമികളായ ചില കുട്ടികൾ പി. സി. ഏബ്രഹാം മുപ്പതു വയസ്സിനു മുമ്പ് ദേവലോകം വാങ്ങി, കെ. എം. മാത്യുവിനെ പുറത്താക്കി, പരുമല പെരുനാളിന് എൽ. ഡി. എഫ് മന്ത്രിമാരെ വിളിച്ചു, സഭയിലെ തിരുമേനിമാർ എൽ. ഡി. എഫി. ൽ ചേർന്നു, പൗവ്വത്തിൽ തിരുമേനിയെ ആക്ഷേപിച്ചു, കോടികൾ വായിക്കുന്ന പത്രത്തെ കളിയാക്കി, പരുമലയിലെ പൊതുയോഗവേദി കോൺഗ്രസ്സ് പാർട്ടിയുടെ വേദിപോലെ ജനനിബിഡമായിരുന്നു എന്നെല്ലാം എഴുതിയത് വ്യവസായികൾ കാശു മുടക്കി പ്രചരിപ്പിക്കുന്നത്.

കൊച്ചൻ: അമ്പലപ്പുഴ പാൽപായസത്തിന്റെ കഥ പോലെ അല്ലേ അച്ചാ.

അച്ചൻ: എൽ. ഡി. എഫ്. വന്നശേഷം സഭാപ്രശ്നം ഓളം ആക്കാൻ പറ്റിയില്ല. എന്തായാലും ഒന്നാം തീയതി മുതൽ യജ്ഞം തുടങ്ങും.

കൊച്ചൻ: കഴിഞ്ഞ തവണ കാറു കത്തിച്ചും നമ്മളെ തല്ലിയ പോലീസിനെ പ്രതിയാക്കിയും നമ്മളെ രക്ഷിച്ച നേതാക്കളെ എങ്ങനെ മറക്കും. എൽ. ഡി. എഫ്. കാരെ ഇളക്കണമെങ്കിൽ 10 കാറെങ്കിലും കത്തിക്കണം.

അച്ചൻ: അതു നമ്മുടെ ബാവായും മറ്റുള്ളവരും, ചെറുപ്പം മുതൽ സഭാസേവനവുമായി നടന്ന നേതാക്കളും കൂടി തീരുമാനിക്കട്ടെ. നമുക്ക് തീരുമാനം നടപ്പാക്കാം. ദിദിമോസ് ബാവായ്ക്കെതിരെ കേസു കൊടുത്തതുപോലെ ആകാതിരുന്നാൽ മതി.

കൊച്ചൻ: എന്തായാലും സുപ്രീം കോടതിയിലെ കേസ്സ് ജനുവരിയിലേക്ക് മാറ്റി.

അച്ചൻ: ദിദിമോസ്സ് ബാവായും മിലിത്തിയോസ്സ് ബാവായും ശ്രമിച്ചാലും കേസ്സു നടത്തുന്ന വക്കീലന്മാർ ഇപ്പോഴും പഴയ ഉപദേഷ്ടാക്കൾക്കൊപ്പമാ.

കൊച്ചൻ: ശരിയായിരിക്കാം. അടുത്തയിടെ ആത്മായട്രസ്റ്റി - പ്രതിപക്ഷനേതാവ്, തുടങ്ങിയവരെ ശ്ലാഘിച്ചിരിക്കുക ഒരു കുട്ടി പത്രത്തിൽ വായിച്ചു, സഭാകേസ്സിന്റെ വക്കീൽപടിയും, റ്റി. എ. യും സ്വന്ത പോക്കറ്റിൽ നിന്ന് ആണ് ഇവർ എടുക്കുന്നതെന്നും വക്കീലന്മാരെ സഭയ്ക്ക് ഏല്പിച്ചതും ഈ പ്രമുഖരാണെന്നും.

അച്ചൻ: ട്രസ്റ്റി ആവശ്യത്തിനുള്ള പണം എപ്പോഴും സഭയുടെ അക്കൗണ്ടിൽ നിന്ന് എടുക്കണമെങ്കിൽ പ്രയാസം ഉണ്ട്. അതു കൊണ്ട് നേരത്തെ ഭാരിച്ച തുകകൾ സ്വന്ത അക്കൗണ്ടിലേക്ക് മാറ്റി സ്വന്ത ചെക്ക് കൊടുത്തതാവാം.

കൊച്ചൻ: തെറ്റു ചെയ്തില്ലെങ്കിൽ പിന്നെ എന്തിനാ നീതീകരണവും വിമർശനവും. തെളിവ് പ്രസിദ്ധീകരിച്ചാൽ പോരേ? വിവരംകെട്ട കുട്ടിപത്രക്കാരുടെ വിമർശനത്തിന് ചെവി കൊടുത്ത് അവരെ പ്രീണിപ്പിക്കാതിരിക്കണം.

അച്ചൻ: തങ്കച്ചനും, ജയിക്കബ്ബും, കുരുവിളയും ഒക്കെ നമുക്കായി നിൽക്കുന്നതു പോലെ അവരുടെ നേതാക്കൾ നിന്നാൽ ജയ്ക്കബ്ബിന്റെയും, തങ്കച്ചന്റെയും ഗതിയിലാവും അവരും. പ്രശ്നം ഉണ്ടാക്കി, ചർച്ച ചെയ്ത് പരിഹരിച്ച് സാമർത്ഥ്യം കാട്ടുന്നതാണ് ഓർത്തഡോക്സ് നേതാക്കളുടെ ശൈലി.

കൊച്ചൻ: ശരിയാ പുതുപ്പള്ളി സെമിത്തേരി പ്രശ്നം കലക്ടറുടെ വകുപ്പാ. പക്ഷേ, രാഷ്ട്രീയ ഇടപെടലിലൂടെ പഞ്ചായത്ത്, സെമിത്തേരി പൊളിക്കാൻ ഉത്തരവായി. പള്ളിക്കമ്മറ്റിയും, വേദിയും, ചാടിക്കളിച്ചു പ്രശ്നം ചർച്ച ചെയ്തു പരിഹരിച്ചു.

അച്ചൻ: എടാ മണ്ടാ, അതു നമ്മുടെ പുറമ്പോക്കു പള്ളിയുടെ മേൽ ശ്രദ്ധ ഉണ്ടാകാതിരിക്കാൻ ഉള്ള ഒരു പൊടിക്കൈയ്യാ. ഇപ്പം പുതുപ്പള്ളി ഇടവകക്കാർ ഒതുങ്ങി. നമുക്ക് പള്ളിയും ആയി. എങ്ങനെയുണ്ട് ബുദ്ധി.

കൊച്ചൻ: ശവക്കോട്ട പറഞ്ഞ് പുതുപ്പള്ളിക്കാരെ രണ്ടു തട്ടിൽ നിർത്തും. ഫെബ്രുവരിയിൽ പാത്രിക്കീസു ബാവാ വന്ന് നമ്മുടെ സ്റ്റേജിലെത്തി നമ്മുടെ പരിപാടിയും വിജയിപ്പിക്കും.

അച്ചൻ: ഈ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി കക്ഷി പറയാതെ സഭ ഒന്നായാൽ മതിയായിരുന്നു.

കൊച്ചൻ: നടക്കില്ല. അധികാരമോഹികളും, വ്യവസായ പ്രമുഖരും, രാഷ്ട്രീയക്കാരും എങ്ങിനെ നിലനില്ക്കും. നമ്മൾ തമ്മിലടിച്ചാൽ മാത്രമേ സഭയുടെ പേരിലുള്ള രാഷ്ട്രീയ വ്യവസായ പ്രവർത്തനം നടക്കൂ. നമ്മുടെ ആളുകൾക്കും സഭയെക്കാൾ ആവശ്യം രാഷ്ട്രീയ, വ്യവസായ സമ്പന്നതയാണ്. ❑

### ഓഫ് സൈഡ് - ഓഫ് സൈഡ്

## തിരുത്തൽവാദിയായ മാർപാപ്പാ

മാർപാപ്പായ്ക്ക് അപ്രമാദിത്തമുണ്ടെന്ന കത്തോലിക്കാസഭയുടെ പഠിപ്പിക്കൽ പല കാലങ്ങൾക്കു മുൻപു തന്നെ അരിപ്പപോലെ ദ്വാരം വീണ ഒന്നായിത്തീർന്നിരുന്നു. ആർക്കെങ്കിലും ആ കാര്യത്തിൽ സംശയമുണ്ടെങ്കിൽ ഇപ്പോൾ അതിനും നിവർത്തി വന്നിരിക്കുന്നു. സമീപകാലത്തെ രണ്ടു പ്രസ്താവനകളെ മാർപാപ്പാ തിരുത്തുവാൻ നിർബന്ധിതനായി.

ഇസ്ലാമിനെയും തീവ്രവാദത്തെയും ബന്ധപ്പെടുത്തിയുള്ള അത്യധികം വിവാദമായ പ്രസ്താവനയാണ് ആദ്യത്തേത്. മുസ്ലീങ്ങളും അല്ലാത്തവരുമായ അനവധി കേന്ദ്രങ്ങൾ ശക്തിയായി പ്രതികരിച്ചതിനെ തുടർന്ന് അത് ഭേദപ്പെടുത്തുകയും തുർക്കി സന്ദർശനവേളയിൽ ബന്ധങ്ങൾ മെച്ചപ്പെടുത്തുവാൻ ബോധപൂർവ്വം ശ്രമം നടത്തുകയും ചെയ്തു.

മാർതോമ്മാശ്ലീഹായുടെ ദക്ഷിണേന്ത്യൻ പ്രേഷിത പ്രവർത്തനം നിഷേധിക്കുക വഴി മാർപാപ്പാ ഇവിടുത്തെ സുറിയാനി പാരമ്പര്യമുള്ള ക്രൈസ്തവരുടെ ആത്മീയ പിതൃത്വം നിഷേധിക്കയാണ് ചെയ്തത്. മാർത്തോമ്മാ പൈതൃകമുള്ള ഓർത്തഡോക്സ് - മാർത്തോമ്മാ സഭകൾ ഇതിനോട് നിസംഗത പുലർത്തിയത് ദുരൂഹതകളുയർത്തുന്നു. ഓർത്തഡോക്സ് സഭാ സുന്നഹദോസ് അതിലെയംഗങ്ങളെ വെട്ടിനിരത്തുന്നതിന്റെ തിരക്കിലായിരുന്നതിനാൽ ഇതൊന്നും ശ്രദ്ധിക്കാൻ സാധിച്ചിരിക്കില്ല. മാനേജിംഗ് കമ്മറ്റിയിലാണെങ്കിൽ ഇറങ്ങുന്നതിനു മുൻപേ എന്തെല്ലാം തരപ്പെടുത്താമെന്ന ചിന്തയിലും.

"സംശയാലുവായ തോമസ്" എന്ന ദുഷ്പേര് അടിസ്ഥാനമില്ലാതെ പേറേണ്ടിവന്ന തോമാശ്ലീഹായുടെ പട്ടത്വമായിരുന്നു ഇത്രയും നാൾ ചോദ്യം ചെയ്യപ്പെട്ടതെങ്കിൽ (യാക്കോബ് തൃതീയന്റെ കുപ്രസിദ്ധമായ 203-ാം നമ്പർ കല്പന) ഇപ്പോൾ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത് അദ്ദേഹം രക്തം ചൊരിഞ്ഞ് നേടിയ സഭയുടെ പൈതൃകമാണ്.

ഏതായാലും 'തിരുത്തൽവാദി'യായ മാർപാപ്പാ സ്വന്തം പ്രസ്താവന തിരുത്തുവാനുള്ള വിവേകം കാണിച്ചു. പക്ഷേ, എപ്പിസ്ക്കോപ്പൽ അപ്രമാദിത്തം വിശ്വാസത്തിന്റെ ഭാഗമല്ലാത്ത ഓർത്തഡോക്സ് സഭയിൽ ഇപ്പോൾ കല്പന കല്പ്പേിളർക്കും എന്ന വ്യവസ്ഥിതി നിലവിൽ വന്നതിനാലാണോ നേതൃത്വം മാർപാപ്പായുടെ അബദ്ധ പ്രസ്താവനയെ അവഗണിച്ചതെന്ന് ദോഷൈകദൃക്കുകൾ സംശയിക്കുന്നു.

# യാക്കോബായ സഭയുടെ കയ്യേറ്റ ശ്രമങ്ങളെ തടയും: ഓർത്തഡോക്സ് സഭ

ആലുവാ: മലങ്കര ഓർത്തഡോക്സ് സഭയുടെ പൗരാണിക സഭയും അങ്കമാലി ഭദ്രാസന ആസ്ഥാനവുമായ തൃക്കുന്നത്തു സെമിനാരി മേലും അനുബന്ധ സ്ഥാപനങ്ങളിന്മേലും യാക്കോബായ സഭയ്ക്ക് യാതൊരു അവകാശവുമില്ലെന്ന് സുവ്യക്തമായി കോടതിവിധികളും പ്രമാണങ്ങളും ഉള്ളതിനാൽ യാക്കോബായസഭയുടെ ഭീഷണി ശ്രമങ്ങളും കയ്യേറ്റശ്രമങ്ങളും അവസാനിപ്പിക്കണം.

ഭൂരിപക്ഷം നോക്കി പള്ളികളും സ്ഥാപനങ്ങളും വിട്ടുകൊടുക്കണമെന്നാണ് അഭിപ്രായമെങ്കിൽ കോട്ടയം ഭദ്രാസനത്തിലെ ഭൂരിപക്ഷം നോക്കി മണർകാട് പള്ളി ഓർത്തഡോക്സ് സഭയ്ക്ക് കൈമാറി മാതൃക കാണിക്കണമെന്ന് പെരുമ്പാവൂർ ഓർത്തഡോക്സ് സെന്ററിൽ ചേർന്ന വൈദിക - അത്മായയോഗം ആവശ്യപ്പെട്ടു. അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താസ്ഥാനം കൂടി വഹിക്കുന്ന പ. കാതോലിക്കാ ബാവായ്ക്കും സഹായമെത്രാപ്പോലീത്താ അഭി. യൂഹാനോൻ മോർ മിലിത്തോസിനും പിന്തുണ പ്രഖ്യാപിക്കുന്ന പ്രമേയം സാജു പി. വി. കുന്നക്കുരുടി അവതരിപ്പിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. എൻ. ഡി. ദാനിയേൽ അദ്ധ്യക്ഷനായിരുന്നു. ഫാ. ജോർജ് പട്‌ലാട്ട്, ഫാ. ജോസഫ് മുള്ളൻകുഴി, കുര്യൻ സി. ഐസക്, എം. സി. വർഗീസ് ആലുവ, സണ്ണി വി. പോൾ, റെജി കളമശ്ശേരി, ഡോ. എം. ഇ. കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.

# ജാക്സൻ ഹൈറ്റ്സ് ഇടവകയുടെ രജത ജൂബിലി

**അൽമായവേദി ന്യൂസ് സർവ്വീസ്**

1980-ൽ കേവലം 29 കുടുംബങ്ങളോടുകൂടി അമേരിക്കയിലെ ന്യൂയോർക്കിൽ ജാക്സൻ ഹൈറ്റ്സ് എന്ന സ്ഥലത്ത് ആരംഭിച്ച സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് ഇടവക വളർന്നു മലങ്കരസഭയ്ക്കു അഭിമാനിക്കാവുന്ന ഒരു വലിയ ഇടവകയായിത്തീർന്നിരിക്കുന്നു. മൂന്നുനാലു കൊല്ലങ്ങൾ കൊണ്ട് അംഗസംഖ്യ വർദ്ധിച്ച് നൂറിൽപരമായി. വാടക കെട്ടിടത്തിൽ ആണ് ആരാധന നടത്തിക്കൊണ്ടിരുന്നത്. സ്വന്തമായി ഒരു ദേവാലയം പണിയണമെന്നുള്ള ആഗ്രഹത്തിൽ ഒന്നും രണ്ടു വസ്തുക്കൾ വാങ്ങിച്ചെങ്കിലും നടന്നില്ല. അംഗങ്ങളുടെ സംഭാവനകളും സ്ഥലങ്ങൾ വിറ്റുകിട്ടിയ പണവും കൊണ്ട് 1992-ൽ ലോങ്ങ് ഐലന്റിലെ വെസ്റ്റ് സായിവില്ലെ എന്ന സ്ഥലത്ത് ഒരു ദേവാലയം വാങ്ങി ആരാധന നടത്തിപ്പോന്നു. എന്നാൽ ദൂരക്കൂടുതൽ നിമിത്തം എല്ലാ ആഴ്ചയും ആരാധനയിൽ വന്നു സംബന്ധിക്കുവാനും അതു കഴിഞ്ഞു ജോലിക്കു പോകുവാനും പല അംഗങ്ങൾക്കും പ്രയാസമായിത്തീർന്നു. 100-ൽ പരം മൈലുകൾ യാത്ര ചെയ്യേണ്ടവരും ഉണ്ടായിരുന്നതിനാൽ ജാക്സൻ ഹൈറ്റ്സിലെ ആരാധനയിൽ ആണ് വന്നു സംബന്ധിച്ചിരുന്നത്. രണ്ടു സ്ഥലങ്ങളിലും ഫാ. റ്റി. എം. സഖറിയാ കോറെപ്പിസ്കോപ്പായെ സഹായിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസത്തിനെത്തിച്ചേർന്ന ബിജേഷ് ഫിലിപ്പ് അച്ചൻ, എം. സി. ചെറിയാൻ അച്ചൻ (ഇപ്പോഴത്തെ തേയോഫിലോസ് തിരുമേനി), എം. ജോൺസൺ അച്ചൻ (യൂഹാനോൻ റമ്പാൻ) തോമസ് മാത്യു അച്ചൻ എന്നീ വൈദികശ്രേഷ്ഠരുടെ സേവനം ലഭിച്ചിരുന്നു. രണ്ടു സ്ഥലത്തും വേണ്ട പോലെ ശ്രദ്ധിക്കുവാൻ ഫാ. സഖറിയായ്ക്ക് ബുദ്ധിമുട്ട് ഉണ്ടായിരുന്നു. രണ്ട് ഇടവകകളായി പിരിഞ്ഞു പ്രവർത്തിക്കുന്നതിനുള്ള അംഗങ്ങളുടെ അഭിപ്രായത്തെ ആദ്യം അച്ചൻ അനുകൂലിച്ചില്ലെങ്കിലും പ്രായോഗിക വിഷമങ്ങൾ കണക്കിലെടുത്തു സമ്മതിച്ചു. അങ്ങനെ 1997-ൽ മാർ ബർന്നബാസിന്റെ സാന്നിദ്ധ്യത്തിൽ രണ്ടു ഇടവകകളായി പിരിഞ്ഞു (സെന്റ്. മേരീസ് ജാക്സൺ ഹെയ്റ്റ്സും സെന്റ് മേരീസ് വെസ്റ്റ് സായിവെല്ലെയും). ഫിലിപ്പ് സി. ഏബ്രഹാം അച്ചനെ വെസ്റ്റ് സായിവില്ല ഇടവകയിലും ഫാ. റ്റി. എം. സഖറിയായെ ജാക്സൺ ഹെറ്റ്സ് ഇടവകയിലും വികാരിമാരായി നിയമിച്ചു. 1998-ൽത്തന്നെ ജാക്സൺ ഹെയ്റ്റ്സ് ഇടവകക്ക് ഒരു ദേവാലയം വാങ്ങിക്കുവാൻ സാധിച്ചു. രണ്ട് ഇടവകകളും ഭംഗിയായി പ്രവർത്തിച്ച് അഭിവൃദ്ധി പ്രാപിക്കുന്നു. 2001-ൽ ഫാ. സഖറിയാ നാട്ടിൽ പോയപ്പോൾ ജോൺ തോമസ് അച്ചൻ, ആലുമ്മൂട്ടിലിനെ വികാരിയായി നിയമിച്ചു. അദ്ദേഹം ജാക്സൺ ഹെയ്റ്റ്സിലെ വികാരിയായി തുടർന്നു. ബ്രൂക്ക്ലെൻ, കോണെ ഐലെന്റ്, ന്യൂ ജേഴ്സി, ന്യൂയോർക്ക്, ലോങ്ങ് ഐലന്റ് എന്നിവിടങ്ങളിൽ നിന്നുമായി 72 കുടുംബങ്ങൾ സെന്റ് മേരീസ് ജാക്സൺ ഹൈറ്റ്സിൽ ഇപ്പോൾ ഉണ്ട്. സെന്റ് മേരീസ് വെസ്റ്റ് സായിവില്ലയിൽ 54 കുടുംബങ്ങളും ഉണ്ട്. പൗലോസ് ആദായി കോർ എപ്പിസ്ക്കോപ്പായാണ് അവിടുത്തെ വികാരി.

രണ്ട് ഇടവകകളും മാതൃ ഇടവകയുടെ രജത ജൂബിലി ആഘോഷിച്ചു. സമാപന ആഘോഷങ്ങളിൽ പ. ദിദിമോസ് പ്രഥമൻ ബാവാ തിരുമനസിലെ സാന്നിദ്ധ്യം വളരെ അനുഗ്രഹകരമായിരുന്നു. ജൂബിലി സ്മാരകമായി രണ്ട് ഇടവകകളും നിർദ്ധനരായ 25 പെൺകുട്ടികൾക്കു വീതം വിവാഹ സഹായനിധി സമാഹരിച്ച് വിതരണം ചെയ്യുന്നു. ഇടവകയുടെ ആരംഭം മുതൽ തന്നെ ആവശ്യക്കാർക്കും അഗതികൾക്കും സഹായം നല്കണമെന്നു ഫാ. റ്റി. എം. സഖറിയാ പ്രോത്സാഹിപ്പിച്ചതിനാൽ ആത്മീയപ്രസ്ഥാനങ്ങൾ അവ നിർവഹിക്കുന്നുണ്ടായിരുന്നു.

45 വർഷം വൈദിക പദവിയിൽ പ. സഭയുടെ ശുശ്രൂഷ നിലനിർത്തുവാൻ ഫാ. റ്റി. എം. സഖറിയായ്ക്ക് ദൈവം കൃപ ചെയ്തു. അദ്ദേഹത്തിന്റെ 70-ാം ജന്മദിനം രണ്ട് ഇടവകകളും മെയ് മാസത്തിൽ ആഘോഷിക്കുകയും പാരിതോഷികങ്ങൾ നല്കി ആദരിക്കുകയും ചെയ്തു. ഇടവകാംഗങ്ങളുടെ ആത്മാർത്ഥമായ സഹായ സഹകരണമാണ് ഇന്ന് അമേരിക്കയിലെ ഒരിടവകക്കും ലഭിക്കാത്ത ഭാഗ്യം (2 പള്ളികൾ വാങ്ങിക്കുവാനുള്ള ഭാഗ്യം) ദൈവം ഈ ഇടവകയ്ക്ക് ഒരുക്കിത്തന്നത്.

# യശ്ശഃശരീരനായ വി. സി. കോരക്കുഞ്ഞിന് പ്രണാമം!

തികഞ്ഞ ദൈവഭക്തനും, അടിയുറച്ച ഓർത്തഡോക്സ് സഭാ വിശ്വാസിയും, സഭാസ്നേഹിയും, സ്വഭാവമഹിമയ്ക്കുടമയുമായ സൗമ്യശീലനായ ഒരു വ്യക്തിയായിരുന്നു അഖിലമലങ്കര ഓർത്തഡോക്സ് ആത്മായവേദിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗം കൂടിയായിരുന്ന വി. സി. കോരക്കുഞ്ഞ്. സെപ്റ്റംബർ മൂന്നിന് കടന്നുപോയ ആ നല്ല സുഹൃത്തിനെക്കുറിച്ച് ഏതാനും വാക്കുകൾ ഇവിടെ കുറിക്കട്ടെ; താമസിച്ചതിൽ ക്ഷമാപണത്തോടെ.

വി. സഭയോടും ആചാരങ്ങളോടും പൂർണ്ണമായും വിധേയപ്പെട്ടു ജീവിച്ചിരുന്ന കോരക്കുഞ്ഞ് എട്ടുനോമ്പിൽ ഉപവാസത്തോടുകൂടി തന്റെ ഇടവകപള്ളിയായ ചീരഞ്ചിറ സെന്റ് മേരീസ് പള്ളിയിലെ വി. കുർബാനയിലും ധ്യാനത്തിലും പങ്കെടുത്ത് സ്വഭവനത്തിലെത്തി ഏറെ താമസിയാതെ ഹൃദയാഘാതം മൂലം മരണമടയുകയാണുണ്ടായത്. പ്രമേഹരോഗം അലട്ടിയിരുന്നെങ്കിലും മലങ്കര ഓർത്തഡോക്സ് സഭയുടെ നവോത്ഥാനത്തിന് സഭാനാഥൻ വിളിച്ച് എഴുന്നേൽപ്പിച്ച അത്മായക്കാരുടെ പോരാട്ട സംഘടനയായ അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദിയുടെ എല്ലാ പ്രവർത്തനങ്ങളിലും അദ്ദേഹം മുൻനിരയിൽ തന്നെയായിരുന്നു എന്ന് ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. സംഘടനാപ്രവർത്തനത്തോടൊപ്പം തന്നെ അത്മായവേദി മാസികയുടെ പ്രചാരണരംഗത്തും അദ്ദേഹം പിൻനിരയിലായിരുന്നില്ല.

കേരളസർക്കാർ സർവ്വീസിൽ ഡപ്യൂട്ടി തഹസീൽദാരായി സേവനം അവസാനിപ്പിച്ച കോരക്കുഞ്ഞ് സർവ്വീസ് കാലത്തുടനീളം അഴിമതിയുടെ കറപുരളാത്ത യഥാർത്ഥ ജനസേവകനായിരുന്നു. സർവ്വീസുകാലത്തും അതിനുശേഷവും തന്നെ സമീപിച്ചിട്ടുള്ള സകലർക്കും ഉപകാരിയായിരുന്നു. സഭാസേവന രംഗമായിരുന്നു അദ്ദേഹത്തിന്റെ അടുത്ത പ്രവർത്തനസരണി.



സഭയിലെ ജീർണ്ണതയ്ക്കെതിരെ ശബ്ദമുയർത്തുന്നതോടൊപ്പം തന്നെ, സഭയിലെ ആത്മീയ പ്രവർത്തനങ്ങളിൽ ഒരു യഥാർത്ഥ ഓർത്തഡോക്സ് വിശ്വാസിയായിരുന്നു. കാലംചെയ്ത പരിശുദ്ധ കാതോലിക്കാബാവാമാർ, മലങ്കര മെത്രാപ്പോലീത്താമാർ, മെത്രാപ്പോലീത്താമാർ എന്നി വരുടെ ഓർമ്മപ്പെരുനാളുകളുകളിൽ കൃത്യമായി പങ്കെടുക്കുവാൻ അദ്ദേഹത്തിന് ഒരു ടൈംടേബിൾ തന്നെയുണ്ടായിരുന്നതായി യാം. അങ്ങനെയുള്ള അവസരങ്ങളിൽ ഇപ്പോൾ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യം സുഹൃത്തുക്കൾക്ക് ദുഃഖകരമായി അനുഭവപ്പെടുമെന്ന് തീർച്ചയാണ്.

അകാലത്ത് പൊലിഞ്ഞുപോയ ആ ധന്യാത്മാവിന്റെ സ്മരണയ്ക്കു മുമ്പിൽ അഖിലമലങ്കര ഓർത്തഡോക്സ് അത്മായവേദി പ്രവർത്തകർ ആദരപൂർവ്വം ശിരസ്സു നമിക്കുന്നു. ഒപ്പം, അദ്ദേഹത്തിന് പൂർത്തിയാക്കുവാൻ കഴിയാതെപോയ അഭിലാഷം - മലങ്കര സഭയുടെ സമഗ്ര പുരോഗതിയും നവോത്ഥാനവും - ലക്ഷ്യമാക്കിയിട്ടുള്ള ഞങ്ങളുടെ പ്രയാണവും കൂടുതൽ ഊർജ്ജസ്വലമായി തുടരുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നു.

**- മാത്യൂസ് തൈപ്പറമ്പൻ**

**നസ്രാണി പഠനങ്ങൾ ഭാഗം 1**

എം. കുര്യൻ തോമസ്

അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ

വില: 50 രൂപ മാത്രം

കോപ്പികൾക്ക് എം. ഒ./ഡ്രാഫ്റ്റ് അയക്കുക. വിലാസം: AKHILA MALANKARA ORTHODOX ALMAYA VEDI, POST BOX NO. 652, KOTTAYAM - 686001

# അൽമായവേദി മേഖലാ സമ്മേളനവും മാത്യൂസ് പ്രഥമൻ അനുസ്മരണവും

കോട്ടയം: അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മേഖലാ സമ്മേളനവും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ അനുസ്മരണവും നവംബർ 12 ഞായറാഴ്ച പാമ്പാടി വടകര ബിൽഡിംഗ്സിൽ വച്ച് നടന്നു. പ്രൊഫ. കെ. എം. കുറിയാക്കോസ് അനുസ്മരണ പ്രഭാഷണം നടത്തി.

# ബില്യനയർ പട്ടികയിൽ രണ്ട് മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾ

ഫോർച്ച്യൂൺ മാസിക പ്രസിദ്ധപ്പെടുത്തുന്ന ശതകോടിയിലേറെ ആസ്തിമൂല്യമുള്ള ഇന്ത്യാക്കാരുടെ പട്ടികയിൽ രണ്ട് മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളും ഇടം കണ്ടെത്തിയിരിക്കുന്നു. അബാൻ ഗ്രൂപ്പിന്റെ ഇപ്പോഴത്തെ സാരഥി റജി ഏബ്രഹാമും, എം. ആർ. എഫ്. ഗ്രൂപ്പ് ചെയർമാൻ കെ. എം. മാമ്മൻ മാപ്പിളയുമാണ് ഇവർ. ഇരുവരും മദ്രാസ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ അംഗങ്ങളാണ്.

റജി ഏബ്രഹാമിന്റെ പിതാവ് പരേതനായ എം. എ. ഏബ്രഹാം മദ്രാസ് ഭദ്രാസനത്തിൽ നിന്നും മലങ്കരസഭാ മാനേജിംഗ് കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗമായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തെത്തുടർന്ന് റജി ഏബ്രഹാം ആ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടു. കുടുംബത്തിന്റെ പ്രശസ്തിയോ ബന്ധുബലമോ ഇല്ലാതെ സ്വന്തം കർമ്മശേഷിയും ദൈവാശ്രയവും മൂലം കഠിനാദ്ധ്വാനത്തിലൂടെ ഉയർന്നുവന്ന വ്യക്തിയാണ് എം. എ. ഏബ്രഹാം. സഭയുടെ കാര്യങ്ങളിൽ സജീവമായ താല്പര്യമെടുത്തിരുന്ന അദ്ദേഹം മദ്രാസ് സെന്റ് തോമസ് കോളജ് ഓഫ് ആർട്സ് ആൻ സയൻസിന്റെ സ്ഥാപക ട്രസ്റ്റിമാരിലൊരാളായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ റജി ആ സ്ഥാനത്ത് തുടരുന്നു. മദ്രാസിലെ സാമൂഹ്യപ്രസ്ഥാനങ്ങൾ പലതിലും സജീവ സാന്നിദ്ധ്യമായിരുന്ന അദ്ദേഹം സമൂഹത്തിലെ എല്ലാ ശ്രേണിയിൽ പെട്ടവരുമായും ബന്ധങ്ങൾ പുലർത്തിയിരുന്നു. മദ്രാസ് മെഡിക്കൽമിഷൻ, സെന്റ് തോമസ് ഓർഫനേജ് മുതലായ ഓർത്തഡോക്സ് സഭാംഗങ്ങൾ നടത്തുന്ന പ്രസ്ഥാനങ്ങളോട് അടുപ്പം പുലർത്തിയിരുന്നു. പ്രയാസത്തിലിരിക്കുന്ന പലരേയും വലതുകൈ ചെയ്യുന്നത് ഇടതു കൈയറിയാതെ സഹായിച്ചിരുന്നു.

മലങ്കരസഭയുടെ എക്കാലത്തെയും അഭിമാനഭാജനമായ കെ. സി. മാമ്മൻ മാപ്പിളയുടെ പുത്രനായ കെ. എം. മാമ്മൻ മാപ്പിള വിദ്യാർത്ഥിജീവിതം മുതൽ ചെന്നൈ പട്ടണം പ്രവർത്തനരംഗമാക്കിയ വ്യക്തിയാണ്. ബലൂൺ നിർമ്മിക്കുന്ന ചെറിയൊരു ഫാക്ടറിയുമായി ആരംഭിച്ച് ഇന്ത്യയിലെ വലിയ കമ്പനികളിലൊന്നായി എം. ആർ. എഫിനെ വളർത്തിയത് ഒരു വലിയ ബിസിനസ്സ് വീരഗാഥ തന്നെയാണ്. മദ്രാസ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, മദ്രാസ് ക്രിസ്ത്യൻ കോളജ് എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ പത്നി സെന്റ് തോമസ് കോളജ് ഓഫ് ആർട്സ് ആന്റ് സയൻസ് എന്ന ചെന്നൈ കത്തീഡ്രൽ ഇടവകയുടെ കോളജിന്റെ സ്ഥാപകട്രസ്റ്റിമാരിലൊരാളായിരുന്നു. എം. ആർ. എഫ്. എന്ന സ്ഥാപനത്തിലൂടെ അനവധി ഓർത്തഡോക്സുകാർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. പല വൈദികർക്കും ഉദാരമായ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

# തിരുശരീര രക്തങ്ങൾ രണ്ടായി കൊടുക്കുന്നതു ശരിയോ?

**ഫാ. കെ. വി. തോമസ്, കല്ലോലിക്കൽ, മല്ലപ്പള്ളി**

നമ്മുടെ സഭയിലുള്ള പലരും സാധാരണ എന്നോട് ചോദിക്കുന്ന രണ്ടു ചോദ്യങ്ങൾക്ക് മറുപടിയാണ് എഴുതുന്നത്.

1. നമ്മളൊഴിച്ച് എല്ലാ സഭക്കാരും തിരുശരീര രക്തങ്ങൾ രണ്ടായി കൊടുക്കുന്നു; എന്നാൽ കർത്താവ് കൊടുത്തതിന് എതിരായി നമ്മൾ ഒന്നായി കൊടുക്കുന്നു. അത് തെറ്റല്ലയോ?

2. നമ്മുടെ സഭയൊഴിച്ച് എല്ലാ സഭക്കാരും നിൽക്കുന്നിടത്ത് നിന്ന് പ്രാർത്ഥിക്കുന്നു. നമ്മൾ മാത്രം കിഴക്കോട്ട് തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുന്നതിന്റെ കാരണം എന്താണ്?

നമ്മുടെ കർത്താവ് വി. കുർബാനയിൽ അപ്പവും വീഞ്ഞും വാഴ്ത്തി രണ്ടായിട്ടാണ് കൊടുത്തത്. എന്നാൽ വി. കുർബാനയിൽ കർത്താവിന്റെ ഉയിർപ്പു കൂടി അടങ്ങിയിരിക്കുന്നു. *അൻപുടയോനെ* ഗീതം ചൊല്ലുന്ന സമയം പട്ടക്കാരൻ നടത്തുന്ന രഹസ്യശുശ്രൂഷയിൽ ശരീരവും രക്തവും ആയത് അപ്പവും വീഞ്ഞും കലർത്തി ജീവനുള്ളതാകുന്നു. പട്ടക്കാരൻ ശരീരത്തിന്റെ ഒരു ഭാഗം എടുത്ത് രക്തത്തിൽ മുക്കി സ്ലീബാ വരച്ച് പ്രത്യേകം പ്രാർത്ഥിക്കുന്നു. അപ്പോൾ ഈ ശരീരം ഈ രക്തത്തിന്റേതാകുന്നു എന്നു പറഞ്ഞ് പ്രത്യേകം പ്രാർത്ഥിച്ച് ശരീരത്തിന്റെ ഒരു ഭാഗം കാസയിൽ ഇടുന്നു. പിന്നീട് മറ്റൊരു ഭാഗം എടുത്ത് രക്തത്തിൽ മുക്കി പീലാസായിലും വയ്ക്കുന്നു. പിന്നീട് മൂന്നു പ്രാവശ്യം രക്തത്തിൽ മുക്കി ശരീരത്തിൽ പുരട്ടുന്നു. അപ്പോൾ മരിച്ച ശരീരമല്ല ജീവനുള്ള ശരീരമാകുന്നു നാം അനുഭവിക്കുന്നത്. അങ്ങനെ ജീവൻ പ്രാപിച്ച ശരീര രക്തങ്ങൾ വീണ്ടും രണ്ടായി അനുഭവിക്കുന്നത് വലിയ തെറ്റാണ്. ആകയാൽ നാം രണ്ടും കൂടി ഒന്നാക്കി ചേർത്ത് കൊടുക്കുന്നു.

രണ്ടാമത്, നാം കിഴക്കോട്ട് തിരിഞ്ഞുനിന്നു പ്രാർത്ഥിക്കുന്നത് നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവ് കിഴക്കുനിന്നാണെന്നുള്ള വിശ്വാസത്തിൽ, തന്റെ വരവിനെ കാത്തുകൊണ്ട് കിഴക്കോട്ട് തിരിഞ്ഞുനിന്നു പ്രാർത്ഥിക്കുന്നു. കർത്താവിന്റെ ജനനത്തിൽ കിഴക്കു നക്ഷത്രം ഉദിച്ചപോലെ, തന്റെ രണ്ടാമത്തെ വരവിലും അടയാളം ദൃശ്യമാകുമെന്നുള്ള വിശ്വാസത്തിൽ നമ്മുടെ എല്ലാ ദേവാലയങ്ങളും കിഴക്കോട്ട് ദർശനമായി സ്ഥാപിച്ചിരിക്കുന്നതിനാൽ കിഴക്കിന് കൂടുതൽ പ്രാധാന്യം കല്പിച്ചുകൊണ്ട് നാം കിഴക്കോട്ട് തിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്നു.



**അൽമായവേദി പബ്ലിക്കേഷൻസിന്റെ പ്രഥമ കൃതിയായ നസ്രാണി പഠനങ്ങൾ ഭാഗം ഒന്ന് പ. മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ പ്രകാശനം ചെയ്തപ്പോൾ. തോമസ് ചാണ്ടി, ജേക്കബ് കുര്യൻ, ഫീലിപ്പോസ് പൊട്ടയ്ക്കാവയലിൽ, ഗ്രന്ഥകാരനായ എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട് എന്നിവർ സമീപം.**

